# കൃഷിയെ നശിപ്പിച്ച കാർഷിക വികസനം



ദേവിന്ദർ ശർമ്മ

# കൃഷിയെ നശിപ്പിച്ച
# കാർഷിക വികസനം

---

ദേവിന്ദർ ശർമ്മ






*Krishiye nashipicha karshika vikasanam*
- a talk by Devinder Sharma

Transcription : Sajini V S

Translation : Usha S

Type Setting : Sajeev kumar, Space Media Syndicate, Trivandrum

Paintings, Cover Design and Layout : Dhanaraj Keezhara

Printed at Arsha Printers. Trivandrum-10

First Edition : July 2009

1000 copies

Published by: **Save Our Rice Campaign**

c/o Thanal,H-3, Jawahar Nagar, Kawdiar,

Thiruvananthapuram – 695003, Keralam.

Tel/Fax : +91-471-2727150

Email : thanal@vsnl.com

website: www.save-our-rice.net

www.thanal.co.in

Published with support from EED

നമ്മുടെ നാട്ടിലെ കൃഷി ഒട്ടേറെ വെല്ലുവിളികളെ നേരിട്ടു കൊണ്ടിരിക്കുയാണ്. ഉല്പാദന മുരടിപ്പ്, വിലക്കുറവ്, കർഷക ആത്മഹത്യ, പ്രകൃതി വിഭവങ്ങളുടെ നാശം, കാർഷിക ഗവേഷണത്തിന്റെ പോരായ്മയും വൈകല്യങ്ങളും ഇങ്ങിനെ നിരവധി പ്രശ്നങ്ങൾ നമ്മുടെ കാർഷിക മേഖലയെ അലട്ടിക്കൊണ്ടിരിക്കുന്നു. ഇതോടൊപ്പം വ്യാവസായികാവശ്യങ്ങൾക്കായി കൃഷിഭൂമി മാറ്റപ്പെടുന്നതും കാലാവസ്ഥ വ്യതിയാനവും എല്ലാം കർഷകരുടെ അവസാന പ്രതീക്ഷയും തല്ലിക്കെടുത്തുന്നു.

ഈ പ്രതിസന്ധിയുടെ കാരണം അന്വേഷിക്കുമ്പോൾ നമ്മൾ ചെന്നെത്തുന്നത് കഴിഞ്ഞ അരനൂറ്റാണ്ടായി നമ്മുടെ നാട്ടിൽ പ്രചരിപ്പിയ്ക്കപ്പെട്ട കാർഷിക വികസന തന്ത്രങ്ങളിലേക്കും ആധുനിക കാർഷിക സാങ്കേതിക വിദ്യകളിലേക്കുമാണ്. തന്റെ പ്രസംഗങ്ങളിലൂടെയും എഴുത്തിലൂടെയും കഴിഞ്ഞ കുറേ വർഷങ്ങളായി ശ്രീ. ദേവിന്ദർ ശർമ്മ ഈ പ്രശ്നത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. കേരളത്തിന്റെ ജൈവ കാർഷിക നയരൂപീകരണത്തിനായ് കേരള സംസ്ഥാന ജൈവ വൈവിദ്യ ബോർഡ് സംഘടിപ്പിച്ച ശില്പശാലയുടെ തുടക്കത്തിൽ അദ്ദേഹം നൽകിയ പ്രഭാഷണമാണ് മലയാത്തിലാക്കി ഇവിടെ പ്രസിദ്ധീകരിക്കുന്നത്. എവിടെയാണ് നമുക്ക് തെറ്റ് പറ്റിയതെന്നും ഇനി ഏതുവഴിയിലൂടെ പോയാലാണ് കൃഷിയും കർഷകനും രക്ഷപ്പെടുക എന്നും അദ്ദേഹം കൃത്യമായി ഇവിടെ പറയുന്നു. ഭക്ഷ്യസുരക്ഷ ആരുടെ കൈകളിലാണെന്നതും അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. കർഷകനെ എന്തുകൊണ്ട് ബഹുമാനിയ്ക്കണമെന്നും അവരെ നിലനിർത്താനുള്ള വഴിയെന്താണെന്നും കൂടി അദ്ദേഹം ഇതിൽ സൂചിപ്പിക്കുന്നു.

വളരെ ലളിതമായി കാർഷിക-ഭക്ഷ്യ നയങ്ങളെക്കുറിച്ച് തുടർച്ചയായി സംസാരിക്കുകയും എഴുതുകയും ചെയ്യുന്ന ദേവിന്ദർ ശർമ്മയുടെ അവലോകനങ്ങൾ കർഷകർക്കും തീരുമാനങ്ങളെടുക്കുന്നവർക്കും മറ്റ് സാധാരണ ജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടാറുണ്ട്. ഭക്ഷ്യപ്രതിസന്ധി നേരിടുന്ന കേരളത്തിൽ, എങ്ങിനെ നമ്മൾ ഈ സ്ഥിതിയിലെത്തിയെന്നതും ഇതിന്റെ വരുംകാല പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്നതും മനസ്സിലാക്കാൻ ഈ പുസ്തകം സഹായിക്കുമെന്ന് കരുതുന്നു. നിലനിൽക്കുന്ന കൃഷിയെക്കുറിച്ചും ഭക്ഷ്യ സുരക്ഷയെക്കുറിച്ചും സാധാരണജനങ്ങളുടെയിടയിൽ ഒരു ചർച്ച തുടങ്ങാനും ഈ പുസ്തകം ഉപകരിക്കുമെന്നാശിക്കുന്നു.



**ദേവിന്ദർ ശർമ്മ**

ഇന്ത്യയിലെ അറിയപ്പെടുന്ന പത്രപ്രവർത്തകനായ ശ്രീ. ദേവിന്ദർ ശർമ്മ കൃഷി - ഭക്ഷണം - ഭക്ഷ്യവ്യാപാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട നയവിശകലന വിദഗ്ധൻ കൂടിയാണ്. പട്ടിണിയുടെ രാഷ്ട്രീയത്തെപ്പറ്റി അഗാധജ്ഞാനമുള്ള ഇദ്ദേഹം ഇന്ത്യയിലെ കർഷകരുടെ ഉറ്റസുഹൃത്താണ്. കൃഷിയുടെയും കർഷകന്റെയും നിലനിൽപ്പും രാജ്യത്തിന്റെ നിലനിൽപും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വളരെ ലളിതമായ ഭാഷയിലൂടെയും വിശകലനങ്ങളിലൂടെയും നിരന്തരം പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്ന ദേവിന്ദർ ശർമ്മയുടെ വാക്കുകൾ ഇന്ന് പലരും സശ്രദ്ധം ശ്രദ്ധിക്കുന്നുണ്ട്. ലോകത്തെമ്പാടുമുള്ള ഒട്ടനവധി യുവാക്കൾക്ക് ദേവിന്ദർ ശർമ്മ ഒരു പ്രതീക്ഷയും പ്രചോദനവുമാണ്.

# കൃഷിയെ നശിപ്പിച്ച കാർഷിക വികസനം

നിങ്ങളുടെ ചിന്തക്കുവേണ്ടി രണ്ട് ചിത്രങ്ങൾ വരച്ചു കൊണ്ട് ഞാൻ തുടങ്ങട്ടെ. കഴിഞ്ഞ 40 വർഷങ്ങളായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഹരിത വിപ്ലവത്തെ കുറിച്ച് നല്ലൊരു വിശകലനം അടുത്ത കാലത്ത് വന്നൊരു പഠനം തരുന്നുണ്ട്. ഈ പഠനം കാണിക്കുന്നത് ഇതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ രാസവളം ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ ഉല്പാദനക്ഷമത ഏറ്റവും കുറഞ്ഞിരിക്കുന്നു. രാസവള ഉപയോഗം ഏറ്റവും കുറവുള്ള ജില്ലകളിലാണ് ഏറ്റവും കൂടുതൽ ഉല്പാദനക്ഷമത. ഞാൻ കരുതിയിരുന്നത് ഇത് നേരെ തിരിച്ചാകുമെന്നാണ്. കഴിഞ്ഞ 40 വർഷങ്ങളായി നമ്മളോടെല്ലാവരും പറയുന്നത്, നിങ്ങൾ കൂടുതൽ രാസവളം ഉപയോഗിക്കുമ്പോൾ കൂടുതൽ ഉല്പാദനക്ഷമതയുണ്ടാകും എന്നാണ്. രസകരമായ കാര്യമെന്താണെന്ന് വച്ചാൽ ഈ പഠനമനുസരിച്ച്



ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉല്പാദനക്ഷമതയുള്ള ജില്ല കേരളത്തിലാണ്. വയനാടാണ് ആ ജില്ല. രാജ്യത്തെ 600 ജില്ലകൾ എടുക്കുമ്പോൾ രാസവള ഉപയോഗത്തിൽ 315-ാം സ്ഥാനമാണ് വയനാടിന്. എന്നാൽ ഉല്പാദനക്ഷമത ഏറ്റവും കൂടുതൽ ഇവിടെയാണ്.

ഉല്പാദനക്ഷമതയുടെ കാര്യത്തിൽ രണ്ടാം സ്ഥാനം ഞാൻ വരുന്ന ഹിമാചൽ പ്രദേശിലെ ഉനാ എന്ന ജില്ലയ്ക്കാണ്. രാസവള ഉപയോഗത്തിന്റെ കാര്യത്തിൽ 205-ാം സ്ഥാനമാണ് ഈ ജില്ലക്കുള്ളത്. ഈ കണക്കുകൾ നമ്മളെ ഞെട്ടിപ്പിക്കുന്നല്ലോ; ഈശ്വരാ, ഇത്രയും കാലം നമ്മൾ തെറ്റായൊരു കാര്യമാണോ ചെയ്തുകൊണ്ടിരിക്കുന്നത്, അതോ ഈ രാസവളങ്ങൾ മുഴുവനും മണ്ണ് തിന്നൊടുക്കുന്നുവോ? സുഹൃത്തുക്കളേ, ഈ ചിത്രം നമ്മൾ ശരിക്കും മനസ്സിലാക്കിയിരിക്കണം.

രണ്ടാമതായി, നമ്മളെല്ലാവരും ജൈവ വൈവിധ്യത്തെ ഏറെ വാഴ്ത്തുന്നവരാണ്. ജൈവ വൈവിധ്യത്തെക്കുറിച്ച് എത്ര പറഞ്ഞാലും നമ്മുക്ക് മടുക്കാറില്ല. നമ്മുടെ ജൈവ വൈവിധ്യത്തിൽ ഏറ്റവും സമ്പന്നമായ ഒന്നാണ് പശു. എന്നാൽ ഒരു രാജ്യമെന്ന നിലക്ക് നമ്മുടെ പശുക്കളെ കുറിച്ച് നാണക്കേട് തോന്നുന്നവരാണ് നമ്മൾ. പൂജിക്കുന്ന സമയത്ത് മാത്രമേ നമ്മൾ പശുക്കളെ പറ്റി ഓർക്കാറുള്ളു. അല്ലാത്തപ്പോഴൊക്കെ നമ്മൾ ഇതിനെ ഉപയോഗശൂന്യമായ ഒരു മൃഗമായി കരുതുകയും ചെയ്യുന്നു. നമ്മൾ വിശ്വസിക്കുന്നത് ഇവയുടെ ഉല്പാദനക്ഷമത വളരെ കുറവാണെന്നും ഏറ്റവും കൂടിപ്പോയാൽ ഇവയ്ക്ക് കാൽ ലിറ്ററോ അരലിറ്ററോ പാലേ തരാൻ കഴിയൂയെന്നും ഇവയുടെ പാലുൽപാദനം കൂട്ടണമെങ്കിൽ നമുക്ക് ജഴ്സി, ഹോൾസ്റ്റയിൻ ഫീഷ്യൻ തുടങ്ങിയ ഇനങ്ങളെ ഇറക്കുമതി ചെയ്ത് നമ്മുടെ നാടൻ ഇനങ്ങളുമായി സങ്കരണം നടത്തണമെന്നുമാണ്. കഴിഞ്ഞ 40-50 വർഷങ്ങളായി നമ്മുടെ പശുക്കൾ



ഒന്നിനുംകൊള്ളാത്തവയാണെന്ന് നമ്മളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു. അങ്ങിനെ വളരെ വ്യാപകമായ തോതിൽ നമ്മുടെ പശുക്കളെ സങ്കരയിനം പശുക്കളാക്കാനുള്ള ഒരു വൻപദ്ധതി നമ്മൾ നടപ്പാക്കുകയും ചെയ്തു.

നമ്മുടെ നാട്ടിൽ 27 ഓളം വളരെ നല്ലയിനം കന്നുകാലികളുണ്ട്. അവയൊക്കെ എങ്ങനെയാണ് ഇത്രയും പെട്ടെന്ന് ഒന്നിനും കൊള്ളാത്തവരായി മാറിയത്? ഡോ.എം .എസ് രൻധാവ എഴുതിയ ഇന്ത്യയുടെ കാർഷിക ചരിത്രം വായിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാകും ഇവിടുത്തെ കന്നുകാലികളെ രാജാക്കൻമാർ ആരാധിച്ചിരുന്നുവെന്നും നമ്മുടെ സമൂഹത്തിൽ അവക്കുണ്ടായിരുന്ന പങ്ക് പ്രകീർത്തിച്ചിരുന്നുവെന്നും. ഉദാഹരണത്തിന് കേരളത്തിലുള്ള നാടൻ പശുവായ വെച്ചൂരിന്റെ കാര്യമെടുക്കുക. ലോകത്തിലുള്ള ഏറ്റവും ചെറിയ കന്നുകാലി ഇനങ്ങളിൽ ഒരിനമാണ് ഇത്. എന്നാലിത് ഇവിടെ നിന്ന് അപ്രത്യക്ഷമായി എന്നു തന്നെ വേണമെങ്കിൽ പറയാം. എന്നാൽ നിങ്ങൾക്ക് ഇവയെ ഇംഗ്ലണ്ടിലെ റീഡിങ്ങ് യൂണിവേഴ്സിറ്റിയിൽ കണ്ടെത്താൻ കഴിയും. ഇതൊരു വളരെ അമ്പരിപ്പിക്കുന്ന കാര്യമല്ലേ? നമ്മുടെ നാട്ടിൽ നിന്ന് നാടൻ ഇനങ്ങളെ കാണാതാകുക് അത് മറ്റ് രാജ്യങ്ങളിൽ സൂക്ഷിക്കപ്പെടുക !

നമുക്കൊരു കാര്യം സമ്മതിക്കാം. നമ്മുടെ ജൈവ വൈവിധ്യമാകട്ടെ, സാമ്പത്തിക സമ്പന്നതയാകട്ടെ, അതല്ലെങ്കിൽ മറ്റെന്തെങ്കിലുമാകട്ടെ നമുക്കുള്ള എന്തിനെ കുറിച്ചും നമുക്ക് നാണക്കേടാണ്. മാത്രവുമല്ല നമ്മൾ വിശ്വസിക്കുന്നത് നമ്മുടെ ജൈവവൈവിധ്യം നന്നാകണമെങ്കിൽ യൂറോപ്പിലേക്കോ അമേരിക്കയിലേക്കോ നോക്കണമെന്നുമാണ്. ഏറ്റവും കൂടുതൽ കന്നുകാലികളുള്ളത് ഇന്ത്യയിലാണ്. 300 ദശലക്ഷം (30 കോടി). ഇവിടെയുണ്ടായിരുന്ന 27 ഇനം കന്നുകാലികളിൽ പകുതിയിലേറെ നമുക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. ഇപ്പോഴുള്ള കന്നുകാലികളിൽ 80 ശതമാനത്തിലധികവും യാതൊരു ശ്രദ്ധയുമില്ലാതെ സങ്കരണം നടത്തിയതിനാൽ ഇനം തിരിച്ചറിയാൻ പ്രയാസമുള്ളവയാണ്. ഒരു പശുവിനെ കണ്ടാൽ അത് ഏതിനമാണെന്ന് നമുക്ക് പറയാൻ കഴിയാത്ത സ്ഥിതിയാണിന്ന്. പാൽ ഉല്പാദാനത്തിൽ ലോകത്ത് നമുക്കാണ് ഒന്നാം സ്ഥാനം. നമ്മൾ ഒരു വർഷം ശരാശരി 81 ദശലക്ഷം ടൺ പാൽ ഉല്പാദിപ്പിക്കുന്നു. പാലുൽപാദനത്തിന്റെ കാര്യത്തിൽ അമേരിക്കക്കാണ് രണ്ടാം സ്ഥാനം. ഇറക്കുമതി ചെയ്ത ഇനങ്ങളുമായി സങ്കരണം നടത്തിയതുകൊണ്ടാണ് നമ്മുടെ പാലുൽപാദനം വർദ്ധിച്ചതെന്ന് നിങ്ങൾ പറയും.

നമ്മുടെ പശുക്കൾക്കെന്തെങ്കിലും കുഴപ്പമുണ്ടോ? വെച്ചൂരിന് ജീവിയ്ക്കാൻ 2 കി.ഗ്രാം ഭക്ഷണം മതി. രാജസ്ഥാനിൽ നിന്നുള്ളൊരു ഇനമുണ്ട്. താർപാർക്കർ. ഈ പേര് അർത്ഥമാക്കുന്നത് ഇതിന് താർ മരുഭൂമി തരണം ചെയ്യാൻ കഴിയും എന്നാണ്. ജഴ്സിയെയോ ഹോൾസ്റ്റയിൻ ഫീഷ്യനെയോ താർ മരുഭൂമിയിലൂടെ ഒരു കിലോ മീറ്റർ നടത്തി നോക്കു. അപ്പോൾ ഞാൻ പറയുന്നതിന്റെ അർത്ഥം നിങ്ങൾക്ക് മനസ്സിലാകും. എങ്കിലും നമ്മളെ പറഞ്ഞ് വിശ്വസിപ്പിക്കുന്നത് നമ്മുടെ പശുക്കൾ ഒന്നിനും കൊള്ളില്ലാ എന്നാണ്.

കുറച്ച് മാസങ്ങൾക്കു മുൻപ് ലോകഭക്ഷ്യസംഘടനയുടെ (FAO) ഒരു പഠനം പുറത്തുവന്നു. കാർഷിക ശാസ്ത്രത്തിലുള്ള എന്റെ എല്ലാ വിശ്വാസങ്ങളെയും പിടിച്ചു കുലുക്കുന്ന ഒന്നായിരുന്നു ഇത് - ഇന്ത്യൻ പശുക്കളെ കയറ്റുമതി ചെയ്യുന്ന ഏറ്റവും വലിയൊരു രാജ്യമായി ബ്രസീൽ മാറിയിരിക്കുന്നു! ലോകത്തേക്ക് വച്ച് ഏറ്റവും നല്ല കന്നുകാലി ഇനങ്ങളുള്ള നാടെന്നതിൽ അഭിമാനം കൊള്ളേണ്ടിയിരിക്കേ, ഏറ്റവും കൂടുതൽ ഇന്ത്യൻ കന്നുകാലികളെ കയറ്റുമതി ചെയ്യുന്ന രാജ്യമായി ബ്രസീൽ മാറിയെന്ന വാർത്ത നമ്മളെ വിഷമിപ്പിക്കേണ്ടതല്ലേ? എവിടെയോ എന്തോ തെറ്റ് പറ്റുന്നില്ലേ ?

നമ്മുടെ പശുക്കളെ കുറിച്ച് നമുക്ക് നാണക്കേടു തോന്നുമ്പോൾ എന്തുകൊണ്ട് ബ്രസീൽ നമ്മുടെ പശുക്കളെ വികസിപ്പിച്ചെടുത്തു എന്നത് എനിക്ക് മനസ്സിലാക്കാനേ കഴിയുന്നില്ല. അതിനാൽ ഞാൻ ചരിത്രം ചിലത് വായിക്കുകയും 1960 കളിൽ ഇന്ത്യയിൽ നിന്ന് ബ്രസീൽ 6 ഇനം പശുക്കളെ ഇറച്ചിക്കുവേണ്ടി വാങ്ങിയതായി മനസ്സിലാകുകയും ചെയ്തു. നമ്മുടെ പല കന്നുകാലികളും നല്ല വലിപ്പമുള്ളവയാണ്. അതിനാൽ ഇറച്ചിക്ക് പറ്റിയവയുമാണ്. ബ്രസീലിൽ ഈ ഇനങ്ങൾ എത്തിയപ്പോൾ അവർക്ക് മനസ്സിലായി ഈ പശുക്കൾ ഇറച്ചി മാത്രമല്ല പാലും തരുമെന്ന്. അതുകൊണ്ടവർ ഇറച്ചിയും പാലും ഒരുപോലെ തരുന്ന ഇനങ്ങളെ ഇവയിൽ നിന്ന് വികസിപ്പിച്ചെടുക്കാനാരംഭിച്ചു. ആ ആറെണ്ണത്തിൽ മൂന്ന് ഇനത്തിന് - ഗുജറാത്തിൽ നിന്നുള്ള ഗിർ, കാങ്ക്രെജ്, ആന്ധ്ര, തമിഴ്നാട് പ്രദേശത്തു നിന്നുള്ള ഓങ്കോൾ-എന്നിവ ജഴ്സിയും ഹോൾസ്റ്റയിൻ ഫീഷ്യനും ഉല്പാദിപ്പിക്കുന്ന അത്ര തന്നെ പാൽ ഉൽപാദിപ്പിക്കാൻ കഴിവുള്ളവയാണ്. നമ്മൾ ഇറക്കുമതി ചെയ്ത രണ്ട് ഇനങ്ങളെക്കാളും കൂടുതൽ പാൽ തരുന്നതാണ് ഇതിലൊന്ന്. ഇനി കേരളമോ അല്ലെങ്കിൽ മറ്റുള്ള ഇന്ത്യൻ സംസ്ഥാനങ്ങളോ ബ്രസീലിൽ നിന്ന് ഇന്ത്യൻ ഇനങ്ങളെ



ഇറക്കുമതി ചെയ്യാൻ തുടങ്ങിയാൽ എനിക്കതിൽ അത്ഭുതം തോന്നുകയില്ല.

നമ്മുടേത് ഒരു മഹത്തായ നാടാണ്. നമുക്കുള്ളതെല്ലാം നാണക്കേടുണ്ടാക്കുവെന്ന നമ്മുടെ തോന്നലിനെ അഭിനന്ദിക്കുക തന്നെ വേണം! 1830 ൽ മെക്കൊളെ പ്രഭു പറഞ്ഞത് ഈ അവസരത്തിൽ ഞാൻ ഓർത്തുപോകുന്നു. അദ്ദേഹമെഴുതി 'ഇന്ത്യയിലെ അദ്ദേഹത്തിന്റെ യാത്രകളിൽ ഒരു പിച്ചക്കാരനെപ്പോലും അദ്ദേഹം കണ്ടില്ല' എന്ന്. ഇന്ത്യക്കാർ ആത്മാഭിമാനികളാണെന്നും ബുദ്ധിയുള്ളവരാണെന്നും അദ്ദേഹം തിരിച്ചറിയുകയായിരുന്നു. ഇങ്ങിനെയുള്ളൊരു രാജ്യത്തെ കോളണിയാക്കാൻ അത്ര എളുപ്പമല്ല. ഈ ജനതയെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ കൊണ്ടുവരാൻ വിദ്യാഭ്യാസ സമ്പ്രദായം മാറ്റുകയേ വഴിയുള്ളു എന്ന് അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം നിർദ്ദേശിച്ചതും പിന്നിട് ബ്രിട്ടീഷുകാർ നടപ്പിലാക്കിയതും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ തലമുറകളുടെ ചിന്താരീതി മാറ്റുക എന്നതു തന്നെയായിരുന്നു.

ഈ ചിന്താരീതിയുടെ മാറ്റം ഏറ്റവും നന്നായി പ്രതിഫലിക്കുന്ന ത് കഴിഞ്ഞ നൂറ്റാണ്ടിൽ നമ്മുടെ കാർഷിക ഗവേഷണത്തിലും വിദ്യാഭ്യാസ ത്തിലും വന്ന മാറ്റങ്ങളിലാണ്. ലാന്റ് ഗ്രാന്റ് സിസ്റ്റത്തിലൂടെ അമേരിക്ക (USAID ന്റെ സഹായത്തോടെ) ഇന്ത്യയിലേക്ക് കൊണ്ടുവന്ന കാർഷിക വിദ്യാഭ്യാസ പദ്ധതിയിലൂടെയായിരുന്നു. ഈ പദ്ധതി അമേരിക്കയിലെ കാർഷിക രീതികളോട് യോജിച്ചതായിരുന്നു. അല്ലാതെ ഇന്ത്യയിൽ നമ്മൾ ചെയ്യുന്ന കാർഷിക രീതികളുമായി യാതൊരു ബന്ധവും ഇതിനുണ്ടായി രുന്നില്ല. നമ്മുടെ കൃഷി പഴഞ്ചനും നിലവാരമില്ലാത്തതും കാര്യക്ഷമത യില്ലാത്തതുമാണെന്നവർ നമ്മളോട് പറഞ്ഞു തന്നു. അമേരിക്കയിലെ കാർഷിക വിദ്യാഭ്യാസത്തിനു വേണ്ടി തയ്യാറാക്കിയ സിലബസ് വച്ച് നമ്മുടെ കാർഷിക സർവ്വകലാശാലകളിൽ പഠിപ്പിച്ചത് ഇതാണ്. ഇന്ത്യ യിലെ കൃഷി വികസിക്കണമെങ്കിൽ അമേരിക്കൻ മോഡൽ കൃഷി സ്വീക രിച്ചേപറ്റു. ഇതാണ് ഇത്രയും നാൾ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് പഠിച്ചെടുക്കുകയും ചെയ്തു. കൃഷിയിലെ ഏറ്റവും മോശപ്പെട്ട പ്രതിസന്ധി നമ്മളിന്നു അഭിമുഖീകരിക്കേണ്ടി വരുന്നതിൽ യാതൊരു അത്ഭുതവുമില്ല.

കാർഷിക ഗവേഷണത്തിനുവേണ്ടിയുള്ള പൊതുമേഖലാ സംവിധാന ത്തിൽ ലോകത്തു തന്നെ രണ്ടാം സ്ഥാനത്തു നിൽക്കുന്ന ഇന്ത്യയിൽ എന്തുകൊണ്ട് കർഷകർ ആത്മഹത്യ ചെയ്യുകയോ കൃഷി ഉപേക്ഷിക്കാൻ തയ്യാറാവുകയോ ചെയ്യുന്നു? അമേരിക്കൻ രീതിയിലുള്ള കാർഷിക ഗവേഷ ണവും വിദ്യാഭ്യാസവും ഇത്ര ഗംഭീരമാണെങ്കിൽ എന്തുകൊണ്ട് കർഷകർ ദുരിതത്തിലാകുകയും കൃഷി തീർത്തും നശിക്കുകയും ചെയ്യുന്നു? ഒരു രാജ്യമെന്ന നിലക്ക് നമ്മൾ ഒരു ആത്മപരിശോധനക്ക് തയ്യാറാകേണ്ടി യിരിക്കുന്നു. അടിസ്ഥാനപരമായി നമുക്ക് എന്തോ തെറ്റ് പറ്റിയിട്ടുണ്ട്.

ഇക്കഴിഞ്ഞ വർഷങ്ങൾ മുഴുവനും നമ്മൾ പറഞ്ഞു കൊണ്ടിരു ന്നത് പരീക്ഷണശാലയിൽ നിന്ന് പാടത്തേക്ക് സാങ്കേതിക വിദ്യയെ കൊണ്ടുപോകുന്നതിനെ പറ്റിയാണ്. നമുക്ക് വലിയൊരു തെറ്റ് പറ്റിയത് തിരിച്ചുള്ള ഒരു പദ്ധതിക്ക്-പാടത്തു നിന്ന് പരീക്ഷണശാലയിലേക്ക്- തുല്ല്യ മായ പ്രാധാന്യത്തോടെ നമ്മൾ നടപ്പാക്കിയില്ല എന്നതാണെന്നെനിക്ക് തോന്നുന്നു. ഹരിത വിപ്ലവമെന്നത് ചരിത്രപരമായ ഒരു വികസനം തന്നെ യായിരുന്നു. അതിന് യാതൊരു സംശയവുമില്ല. ആ കാലഘട്ടത്തിൽ രാജ്യ ത്തിന് ഇത് അത്യാവശ്യമായിരുന്നിരിക്കാം. ഭക്ഷ്യോല്പാദനത്തിലുള്ള കുറവിനെ പരിഹരിക്കാൻ രാജ്യം വൻതോതിലുള്ള ഭക്ഷ്യ ഇറക്കുമതിയെ

ആശ്രയിച്ചിരുന്നു. അതിനാൽ നമുക്ക് പരിചിതമില്ലാത്ത ഒരു സാങ്കേതിക വിദ്യയുടെ അപകടങ്ങൾ സ്വീകരിക്കാൻ വരെ നാം സന്നദ്ധമായി.

എന്നാൽ അതുകൊണ്ട് ഇന്നെന്തു സംഭവിച്ചിരിക്കുന്നു? ഇതിനെ പറ്റിയൊന്ന് ചികഞ്ഞു നോക്കാൻ നമുക്കിനിയും സമയമായില്ലേ? അടിസ്ഥാനപരമായി കൃഷിയിൽ എന്ത് പിഴവ് പറ്റി എന്നതിനെ കുറിച്ച് വിശദീകരിക്കുന്നതിനു മുൻപ്, ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ എന്തു സംഭവിക്കുന്നുവെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്ത്യയിൽ സംഭവിക്കുന്ന കാര്യങ്ങൾ ഇവിടെ മാത്രം സംഭവിക്കുന്നവയല്ല. ഒന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. വാഷിംഗ്ടണിലും റോമിലും ബ്രസീലിലും ഒക്കെ സംഭവിക്കുന്ന കാര്യങ്ങളോട് ബന്ധപ്പെട്ടുകൊണ്ടാണ് ഇവിടെയും കാര്യങ്ങൾ നടക്കുന്നത്. തിരുവനന്തപുരത്തിരുന്നാണ് കേരളത്തിലെ കാർഷിക കാര്യങ്ങൾ തീരുമാനിക്കുന്നതെന്ന് കർഷകർ കരുതിയിരുന്ന കാലം കഴിഞ്ഞു പോയിരിക്കുന്നു. ഇന്ന് വാഷിംഗ്ടണിൽ എടുക്കുന്ന തീരുമാനങ്ങളുടെ പ്രത്യക്ഷമായ ആഘാതം കേരളത്തിലെ കാർഷിക പ്രതിസന്ധിയിൽ പ്രതിഫലിച്ചു കാണാം.

കഴിഞ്ഞ 40-50 വർഷങ്ങളായി ലോകത്തിന്റെ ശ്രദ്ധ മുഴുവനും കാർഷികോൽപാദനം കൂട്ടുന്നതിലായിരുന്നു. ഇന്ത്യയിൽ മാത്രമല്ല അമേരിക്കയിലും യൂറോപ്പിലുമെല്ലാം കാർഷികോൽപാദനം കൂട്ടിക്കൊണ്ടിരിക്കുന്നതിലായിരുന്നു നമ്മുടെ ശ്രദ്ധ. വളരെ വ്യത്യസ്തമായ രണ്ട് കാർഷികരീതികൾ നമുക്ക് താരതമ്യം ചെയ്യണമെന്നുണ്ടെങ്കിൽ - വ്യാവസായിക പുരോഗതി കൈവരിച്ച രാജ്യങ്ങളും വികസ്വരരാജ്യങ്ങളും - അതിനുള്ള ഏറ്റവും നല്ല വഴി ലോകത്തിലെ ഏറ്റവും വലിയ രണ്ട് ജനാധിപത്യ രാജ്യങ്ങളായ അമേരിക്കയിലേക്കും ഇന്ത്യയിലേക്കും നോക്കുന്നതാണ്. അമേരിക്കയിൽ ഇന്നാകെ 7 ലക്ഷം കർഷകരാണ് കൃഷിയിടത്തിൽ ബാക്കിയുള്ളത്. അതായത് ജനസംഖ്യയുടെ 1% ത്തിൽ താഴെ. രസകരമായ കാര്യം ഇവിടെ 70 ലക്ഷത്തോളം ആളുകൾ ജയിലിലുണ്ട് (ബെയിലിലും പരോളിലുമടക്കം) എന്നതാണ്. എന്നാൽ കൃഷിയിടങ്ങളിൽ 7 ലക്ഷം പേർ മാത്രവും.

അമേരിക്കയിലെ കൃഷി അഗ്രിബിസിനസ്സ് കമ്പനികളുടെയും കുത്തകകളുടെയും കയ്യിലേക്ക് പോയിയെന്നത് ഇന്ന് വളരെ വ്യക്തമാണ്. 2000 ത്തിൽ നടത്തിയ അവസാനത്തെ സെൻസസിൽ ചരിത്രത്തിലാദ്യമായി അമേരിക്ക അവരുടെ കർഷകരുടെ എണ്ണമെടുത്തില്ല. കാരണങ്ങൾ

വളരെ വ്യക്തമാണ്. കർഷകരുടെ എണ്ണം ഇത്രകണ്ട് കുറഞ്ഞ സ്ഥിതിയ്ക്ക് ഇനി അവിടുത്തെ കർഷകരെ പറ്റി രാജ്യത്തിന് വിഷമിക്കേണ്ട കാര്യമില്ല. അതായത് അമേരിക്കയിൽ കൃഷിക്കാരനെന്ന വർഗ്ഗം അപ്രത്യക്ഷമായിരിക്കുന്നു എന്നർത്ഥം. അതേ വർഗ്ഗം യൂറോപ്യൻ യൂണിയനിലും നിലനില്പിന്റെ ഭീഷണിയിലാണ്.

ഇന്ത്യയിൽ സംഭവിച്ചത് നേരെ തിരിച്ചാണ്. സ്വാതന്ത്ര്യത്തിനു ശേഷം കൃഷിക്കാരുടെ എണ്ണം കുറയുകയല്ലാമറിച്ച് കൂടുകയാണ് ചെയ്തത്. ഇന്ന് നമുക്ക് 600 ദശലക്ഷത്തോളം കർഷകരുണ്ട് (കർഷകരുടെ കുടുംബാംഗങ്ങളെയും കൂട്ടി). ലോകത്തിലുള്ള കർഷകരുടെ നാലിലൊരാൾ ഇന്ത്യക്കാരനാണ്. ചൈനയിലെയും ഇന്ത്യയിലെയും കർഷകരുടെ എണ്ണം കൂട്ടിയാൽ ലോകത്തെ മൊത്തം കർഷകരുടെ പകുതിയായി.

ഇപ്പോൾ നിരന്തരമായി നമ്മോട് പറഞ്ഞുകൊണ്ടിരിക്കുന്നത് നമ്മുടെ ഭൂമി തുണ്ടുതുണ്ടായി മുറിയുന്നതിനാൽ പ്രായോഗികമായി കൃഷിയിറക്കാൻ പറ്റാതാകുന്നു എന്നാണ്. കൃഷിക്കാരന് വരുമാനമില്ല. ചെറുപ്പക്കാർ കൃഷിയിൽ നിൽക്കാനാഗ്രഹിക്കുന്നില്ല. പിന്നെ എന്തിനാണ് ജൈവ വൈവിധ്യത്തെ അടിസ്ഥാനമാക്കിയുള്ള നിലനിൽക്കുന്ന കൃഷിയെ കുറിച്ചു നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നൊക്കെയാണ്. എന്തുകൊണ്ട് നമുക്കീ ആളുകളെയെല്ലാം കൃഷിസ്ഥലത്തുനിന്നും അടർത്തിയെടുത്ത് അവരെ നഗരങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചുക്കൂടാ?

കൃത്യമായി നോക്കുകയാണെങ്കിൽ കഴിഞ്ഞ നൂറ്റാണ്ടിൽ അമേരിക്ക എന്തുചെയ്യാൻ തുടങ്ങിയോ അതാണ് ഇന്ന് ഇന്ത്യ ചെയ്യാൻ ശ്രമിക്കുന്നത്. അമേരിക്കൻ കൃഷിയുടെ ചരിത്രം വായിക്കുകയാണെങ്കിൽ രണ്ടാം ലോകമഹായുദ്ധത്തിനു മുൻപ് 27 ദശലക്ഷം കർഷകരെയാണ് അവിടെ കൃഷിയിൽ നിന്നും മാറ്റിയത് എന്ന് മനസ്സിലാക്കാൻ കഴിയും. യുദ്ധം കഴിഞ്ഞപ്പോൾ ശിഷ്ട ദൗത്യം കുത്തക കമ്പനികളും നിർവഹിച്ചു. അതുകൊണ്ടാണിന്നവിടെ 1% ത്തിൽ താഴെ മാത്രം ആളുകൾ കൃഷിയിൽ അവശേഷിച്ചിട്ടുള്ളത്. ഇന്ന് അമേരിക്കയിൽ കൃഷിയെന്നാൽ അഗ്രിബിസിനസ്സ് വ്യവസായികളുടെ കയ്യിലുള്ള കൃഷി എന്നാണർത്ഥം. ഇവരാണ് ലോകകാർഷിക വ്യവസ്ഥയുടെ അജണ്ട നിശ്ചയിക്കുന്നത്.

എന്തുകൊണ്ടാണ് ഇത്രപെട്ടെന്ന് നമുക്ക് നമ്മുടെ കൃഷിക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടത്? കാരണം വളരെ ലളിതമാണ്. അമേരിക്കക്ക് അവ

രുടെ കർഷകരിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. അമേരിക്കയിൽ എന്തൊക്കെ സംഭവിക്കുന്നുവോ അതെല്ലാം ഇന്ത്യയിലും സംഭവിക്കും. അമേരിക്കൻ മോഡൽ കൃഷിയെ പുന:സൃഷ്ടിക്കുക മാത്രമാണ് നമ്മളിവിടെ ചെയ്യുന്നത്. അവർ പറയുന്നതെന്തും നമ്മൾ ചെയ്യാൻ ശ്രമിക്കുകയാണ്. നമ്മളോടെപ്പോഴും പറയുന്നത് അമേരിക്കയിലേക്ക് നോക്കൂ എന്നാണ്. അവരാണ് ലോകത്തെ ഏറ്റവും വലിയ ഭക്ഷ്യോൽപാദകർ. അവർക്ക് കാര്യക്ഷമതയുള്ള കർഷകരുള്ളതിനാൽ താരതമ്യേന അവർക്ക് കൂടുതൻ പ്രയോജനം കിട്ടുന്നു. അതുകൊണ്ടുതന്നെ അവരെ ബഹുമാനിക്കുന്നതിനു വേണ്ടി ഈ കാര്യക്ഷമതയുള്ള കർഷകരുണ്ടാക്കുന്ന ഭക്ഷണം ഇറക്കുമതി ചെയ്യാൻ ലോകം തങ്ങളുടെ മാർക്കറ്റ് തുറന്നുകൊടുക്കണം. ഇതാണവരുടെ ആവശ്യം.

ഇന്ത്യയിലെ സംവാദങ്ങളും ഇപ്പോൾ മാറിയിരിക്കുന്നതായി ഞാൻ കാണുന്നു. നമ്മളിപ്പോൾ പറയുന്നത് ആഗോളവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് ഇന്ത്യയിലെ കർഷകർക്ക് വിജയിക്കണമെന്നുണ്ടെങ്കിൽ നിലനിൽക്കണമെന്നുണ്ടെങ്കിൽ, അവർ മത്സരബുദ്ധിയോടെ പ്രവർത്തിച്ചേമതിയാകൂ എന്നാണ്. അതുകൊണ്ടു തന്നെ ഇവിടുത്തെ ഉല്പാദനക്ഷമത ലോക ഉൽപാദനക്ഷമതയുമായി കിടപിടിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ കർഷകർക്ക് മത്സരിച്ച് നിൽക്കാനാകൂ. ഇതാണ് നിങ്ങൾ എന്നും കേട്ടുകൊണ്ടിരിക്കുന്നത്. ഏത് കോൺഫറൻസിനും പോയി നോക്കൂ, അവിടെ ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും എത്ര ബുദ്ധിമുട്ടിയാണ് ഇന്ത്യയിലെ കർഷകരുടെ ഉല്പാദനക്ഷമതയും അവരുടെ നിലനിൽപുമായുള്ള ബന്ധം വിശദീകരിക്കാൻ ശ്രമിക്കുന്നത്.

നമ്മുടെ മുൻപിലേക്ക് എപ്പോഴും എടുത്തിടുന്ന ഒരു ഉദാഹരണം നെല്ലിന്റെതാണ്. ഏഷ്യയിലെ മറ്റെല്ലാ രാജ്യങ്ങളെയും പോലെ ഇന്ത്യയിലും അരിയാണ് പ്രധാന ആഹാരം. അമേരിക്കയിലെ നെല്ലുൽപാദനം ഹെക്ടറൊന്നിന് 7 ടണ്ണാണ്. ഇന്ത്യയിലിത് ഏകദേശം 3 ടണ്ണാണ്. ഇപ്പോൾ നമ്മളോട് പറയുന്നത് ഇന്ത്യയിലെ നെൽ കർഷകർക്ക് ഈ ലോകത്ത് നിലനിൽക്കണമെന്നുണ്ടെങ്കിൽ അവർ നെല്ലിന്റെ ഉൽപാദനം 3 ൽ നിന്ന് 7 ടണ്ണായി ഉയർത്തണമെന്നാണ്. ഇത് കേൾക്കുമ്പോൾ ഇന്ത്യയിലെ ശാസ്ത്രജ്ഞരും ആസൂത്രണവിദഗ്ധരും തലകുലുക്കി അംഗീകരിക്കുന്നതും കാണാം. "അതേ, ഇതാണ് നമ്മൾ ചെയ്യേണ്ടത്. ഉല്പാദനക്ഷമതയാണ് കാതൽ. ഇത് കൂടിയാൽ ബാക്കിയെല്ലാം താനെ ശരിയാകും.

കർഷകർ സാമ്പത്തികമായി നന്നാകും" ഇതാണ് ശാസ്ത്രജ്ഞരും ആസൂത്രണ വിദഗ്ധരും പൊതുവെ പറയുന്നത്. അമേരിക്കയിൽ 1.2 ബില്യൺ ഡോളർ വിലയ്ക്കുള്ള നെല്ലാണ് ഓരോ വർഷവും ഉൽപാദിപ്പിക്കുന്നത്. 7 ടൺ നെല്ല് ഉല്പാദനക്ഷമതയുള്ളപ്പോഴും അമേരിക്കയിലെ നെൽകർഷകർക്ക് തത്തുല്യമായ സബ്സിഡിയില്ലാതെ നില നിൽക്കാനാവില്ല. എത്രയാണവർക്ക് കിട്ടുന്ന സബ്സിഡിയെന്നോ? 1.2 ബില്യൺ ഡോളർ മതിപ്പുവില വരുന്ന നെല്ല് ഉൽപാദിപ്പിക്കാൻ 1.4 ബില്യൺ ഡോളർ നേരിട്ടുള്ള ശമ്പളം. ഇത് രസകരമല്ലേ? നമ്മൾ മനസ്സിലാക്കേണ്ടത് ഇന്ത്യയിലെ കർഷകർക്കും അമേരിക്കയിലെ കർഷകരെപോലെ ഉല്പാദനം കൂട്ടാൻ കഴിയും. പക്ഷെ അവിടുത്തെ കർഷകർക്ക് ലഭിക്കുന്നതുപ്പോലെ സബ്സിഡിയായി നേരിട്ടുള്ള വരുമാനം ആരാണ് ഇവർക്ക് നല്കുക? ഇതില്ലാതെ കൃഷിചെയ്താൽ ഇന്ത്യയിലെ കർഷകർ "ഉല്പാദിപ്പിക്കുക, നശിക്കുക" എന്ന അവസ്ഥയിലേക്കായിരിക്കും. എത്തിപ്പെടുക. "നിങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കു, എന്നിട്ട് വാങ്ങാനാളില്ലാത്തതിനാൽ ആത്മഹത്യചെയ്യൂ."

കഴിഞ്ഞ 40 വർഷമായി നമ്മൾ ഉല്പാദനം കൂട്ടുന്നതിനെ കുറിച്ചു തന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. 40 വർഷം എന്ന് ഞാൻ പറയാൻ കാരണം ഹരിതവിപ്ലവം തുടങ്ങിയത് 1966-67ലാണ് എന്നതുകൊണ്ടാണ്. അതിന്ന് 40 വർഷം പൂർത്തിയാക്കിയിരിക്കുന്നു. കഴിഞ്ഞ 40 വർഷമായി നമ്മൾ കർഷകരോട് പറഞ്ഞുകൊണ്ടിരിക്കുന്നത് രാസവളങ്ങളും കീടനാശിനികളും കൂടുതൽ ജലം വലിച്ചൂറ്റിയെടുക്കുന്ന സങ്കരവിത്തിനങ്ങളും ഉപയോഗിക്കാനാണ്. അങ്ങിനെ കഴിഞ്ഞ 40 വർഷം നമ്മളിതു ചെയ്തു. നമ്മുടെ ഉൽപാദനക്ഷമത കൂടി. ഈ വിലപേശലിൽ നമ്മുടെ പരിസ്ഥിതിക്കും മണ്ണിന്റെ ആരോഗ്യത്തിനും സ്വാഭാവിക വിഭവങ്ങൾക്കും എന്തു സംഭവിച്ചുവെന്ന് നമുക്കറിയാം. എന്നാൽ ഹരിതവിപ്ലവം സൃഷ്ടിച്ച ഈ തകർച്ചയെ കുറിച്ച് സംസാരിക്കാൻ നമ്മൾ തയ്യാറല്ല.

എന്നാൽ കർഷകന്റെ വരുമാനത്തിനെന്തു സംഭവിച്ചു? നമ്മൾ ചോദിക്കേണ്ടിയിരുന്നത് ഈ ഉല്പാദനവർദ്ധനവ് കർഷകന്റെ വരുമാനവർദ്ധനവിലേക്കു കൂടിയുണ്ടായോ എന്നാണ്. നിങ്ങൾ അത്ഭുതപ്പെട്ടേക്കാം നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (NSSO) അടുത്ത കാലത്ത് പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നതനുസരിച്ച് ഇന്ത്യയിലെ ഒരു കർഷക കുടുംബത്തിന്റെ ശരാശരി മാസവരുമാനം വെറും 2115 രൂപ മാത്രമാണ്. ഇത് നമ്മെ ലജ്ജിപ്പിക്കേണ്ടതാണ്. ഉല്പാദനവർദ്ധനവിന്റെ

40 വർഷങ്ങൾക്കുശേഷം 2 കന്നുകാലികളും 5 പേരുമടങ്ങുന്ന ഒരു കർഷക കുടുംബത്തിന്റെ മാസവരുമാനം 2115 രൂപ യാണെങ്കിൽ ലജ്ജിച്ച് നമ്മൾ തലതാഴ്ത്തിയല്ലേ മതിയാകു? എല്ലാ ദിവസവും രാവിലെ ഒന്നോ രണ്ടോ മണിക്കൂർ വന്ന് നിങ്ങളുടെ വീട് വൃത്തിയാക്കി തരുന്ന ഒരു വീട്ടുജോലിക്കാരി മാസവസാനം പോകുന്നത് ഏകദേശം 2000 രൂപയെങ്കിലും കൊണ്ടാണ്. ഇതല്ലേ ഇന്നത്തെ യാഥാർത്ഥ്യം?

കൃഷിക്കാരന്റെ കാര്യമൊന്ന് നോക്കു. അയാൾ ആഴ്ചയിൽ 7 ദിവസം 24 മണിക്കൂർ പണിയെടുക്കുന്നു. എന്നിട്ട് 2115 രൂപനേടുന്നു. ഇതിനുമുകളിൽ ശരാശരി വരുമാനമുള്ള കർഷകരുള്ളത് മൂന്ന് സംസ്ഥാനങ്ങളിൽ മാത്രമാണ്. പ്രത്യേക സാഹചര്യങ്ങൾ കൊണ്ട് തനിമയാർന്ന ജമ്മു-കാശ്മീർ, പഞ്ചാബ്, കേരള എന്നീ സംസ്ഥാനങ്ങളിൽ. എന്നിരുന്നാലും ഹരിത വിപ്ലവത്തിന്റെ കളിയരങ്ങായ പഞ്ചാബിലെ കർഷകരുടെ വരുമാനമൊന്ന് നോക്കുക. സാങ്കേതിക വിദ്യകൾ അങ്ങേയറ്റം ഉപയോഗപ്പെടുത്തിയതിനാൽ പഞ്ചാബിലെ കർഷകരുടെ സ്ഥിതി വളരെ മെച്ചപ്പെട്ടതാണെന്നായിരിക്കും നിങ്ങൾ കരുതുന്നത്. എന്നാൽ നിങ്ങൾക്ക് അത്ഭുതം തോന്നിയേക്കാം. പഞ്ചാബിലെ ഒരു കർഷക കുടുംബത്തിന്റെ ശരാശരി മാസവരുമാനം 3200 രൂപ മാത്രമാണ്.



Dhanaraj Keezhara

ഹരിത വിപ്ലവത്തിന്റെ 4 ദശകങ്ങൾ കഴിഞ്ഞ്, ഭക്ഷ്യോൽപാദനത്തിന്റെ ഈറ്റില്ലമായ സ്ഥലത്ത് 3200 രൂപയാണ് കർഷകന്റെ ശരാശരി വരുമാനമെങ്കിൽ ഇക്കാലമത്രയും നമ്മൾ

എന്തു ചെയ്തുവെന്ന് തിരിഞ്ഞു നോക്കേണ്ട ആവശ്യമില്ലേ? നമ്മൾ കർഷകർക്കായി ചെയ്ത കാര്യങ്ങളിൽ അടിസ്ഥാനപരമായി ചില പാളിച്ചകൾ പറ്റിയിട്ടില്ലേ? പക്ഷേ ഇതൊക്കെ ആരു ശ്രദ്ധിക്കുന്നു? ഇപ്പോഴും നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നത് ഉല്പാദനം കൂട്ടണം എന്നു തന്നെയാണ്. അതിന് ജനിതക മാറ്റം വരുത്തിയ വിളകൾ വേണമെന്നും. ഞാനൊന്ന് ചോദിയ്ക്കട്ടെ ലോകത്തെവിടെയാണ് ഉല്പാദനം കൂട്ടുന്ന ജനിതകമാറ്റം വരുത്തിയ ജി.എം വിത്തുള്ളതെന്ന് ആരെങ്കിലും എനിക്ക് പറഞ്ഞുതരാമോ? എന്തിനാണ് നമ്മൾ കർഷകരെ വീണ്ടും വിഡ്ഢികളാക്കുന്നത്?

ശാസ്ത്രീയമായ വിശകലനം ഏതാണ്ടിങ്ങനെയാണ്. ഇന്ത്യയിൽ ഏകദേശം 320 ദശലക്ഷം ആളുകളാണ് ദിവസവും വിശക്കുന്ന വയറുമായി ഉറങ്ങാൻ പോകുന്നത്. ലോകത്തെ മൊത്തം പട്ടിണി പാവങ്ങളുടെ മൂന്നിലൊന്ന് വരും ഇത്. 2020 ആകുമ്പോഴേക്കും ലോകത്തെ പട്ടിണി കിടക്കുന്നവരുടെ എണ്ണം 1.4 ബില്യണാകും. അതുകൊണ്ട് ഇവരെ ഊട്ടാനായി നമുക്കു ഭക്ഷ്യോൽപാദനം കൂട്ടിയേ തീരു. അതിനാൽ നമുക്ക് ജി. എം വിത്ത് വേണം. എന്നാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ ലോകത്തൊരിടത്തും ഉല്പാദനം കൂട്ടുന്ന ഒരു ജി.എം വിത്ത് ഇല്ല. എന്നിട്ടും എല്ലാകാർഷിക ഗവേഷണ സ്ഥാപനങ്ങളുടെയും ശ്രദ്ധ ഇന്ന് ജി. എം വിളകളിലാണ്. എന്തുകൊണ്ടാണിത്?

ഇത്തരം സാങ്കേതിക വിദ്യയുടെ രാഷ്ട്രീയത്തിലേക്ക് നമുക്കൊന്ന് നോക്കാം. കഴിഞ്ഞ കുറച്ച് കൊല്ലങ്ങളായി നിത്യേന നമ്മൾ കർഷക ആത്മഹത്യയെ കുറിച്ച് കേട്ടുകൊണ്ടിരിക്കുകയാണ്. ടെലിവിഷനും, പത്രങ്ങളും എന്തിന് പ്രധാനമന്ത്രിവരെ ഇത് പറഞ്ഞുകൊണ്ടിരിക്കുന്നു. അത്ഭുതമെന്താണെന്നുവച്ചാൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ICAR) ഇപ്പോഴും ഔദ്യോഗികമായി ഈ വിഷയത്തിൽ ഇടപെട്ടിട്ടില്ല എന്നതാണ്. കർഷക ആത്മഹത്യയെകുറിച്ച് ഒരു കോൺഫറൻസ് പോലും ഇന്നുവരെ അവർ നടത്തിയിട്ടില്ല. എന്നാൽ അവരും മറ്റ് കാർഷിക ഗവേഷണ സ്ഥാപനങ്ങളും ജി.എം വിളകളെ കുറിച്ചും ട്രാൻസ്ജനിക് ഗവേഷണത്തെ സംബന്ധിച്ചും ജൈവസുരക്ഷാക്രമീകരണങ്ങളെ കുറിച്ചും ഓരോ ആഴ്ചയും ഇടവിട്ട് സെമിനാറുകളും കോൺഫറൻസുകളും നടത്തികൊണ്ടേയിരിക്കുന്നു എന്നത് നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം. നമ്മുടെ ശാസ്ത്ര സമൂഹത്തിന് കാര്യമായെന്തോ കുഴപ്പമില്ലേ?

കർഷകർ ആത്മഹത്യ ചെയ്യുന്നത് അവർ കൂടുതൽ മദ്യപിക്കുന്നതു കൊണ്ടും മക്കളുടെ കല്ല്യാണത്തിന് അവർ അധികം പണം ചില വാക്കിയതു കൊണ്ടുമാണെന്നും നമ്മുടെ ചില രാഷ്ട്രീയക്കാരും ശാസ്ത്രജ്ഞരും നയങ്ങൾ രൂപീകരിക്കുന്നവർ പോലും വിശ്വസിക്കുന്നു. ശരിയായ പ്രശ്നത്തിൽ നിന്ന് ശ്രദ്ധതിരിക്കുന്നതിനുള്ള ബുദ്ധിപരമായ നല്ലൊരു മാർഗ്ഗമാണിത്. ഒന്നാമതായി എന്തുകൊണ്ട് കർഷകർ ആത്മഹത്യ ചെയ്യുന്നു എന്നറിയാൻ നമുക്ക് താല്പര്യമില്ല. രണ്ടാമതായി സംശയത്തിന്റെ ഒരു വിരൽപോലും നമ്മുടെ നേർക്ക് ചൂണ്ടുന്നത് നമുക്ക് ഇഷ്ടമല്ല. എന്നാൽ എന്തുകൊണ്ടിത്ര കർഷകർ ആത്മഹത്യ ചെയ്യുന്നു എന്നതിന്റെ കാരണങ്ങൾ കൃത്യമായും മനസ്സിലാക്കേണ്ട സമയമായി എന്ന് ഞാൻ വിചാരിക്കുന്നു. ഒന്നുമില്ലെങ്കിലും എത്ര അധികം കർഷകരാണ് ആത്മഹത്യ ചെയ്തത്! സർക്കാറിന്റെ കണക്കനുസരിച്ചു തന്നെ 1993 നു ശേഷം ഒന്നരലക്ഷം കർഷകരാണ് ആത്മഹത്യചെയ്തത്. വിഷമിപ്പിക്കുന്നകാര്യം ഇന്നും ഈ രാജ്യത്ത് ഓരോ മണിക്കൂറിലും രണ്ട് കർഷകർ വീതം ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുന്നു എന്നതാണ്.˝ ഇതിൽ ആരും വിഷമിച്ചു കാണുന്നില്ല. മരണത്തിന്റെ വക്കിൽ നിൽക്കുന്ന കർഷകരെ പറ്റി ഒരു രാഷ്ട്രീയനേതൃത്വവും ഉൽക്കണ്ഠപ്പെടുന്നതായി കാണുന്നില്ല. ഈ ആത്മഹത്യക്ക് എന്തൊക്കെ കാരണങ്ങളുണ്ടായാലു ശാസ്ത്രസമൂഹത്തിന് അവയുമായി ബന്ധമുണ്ടെന്ന് നമ്മൾ കരുതുന്നില്ല. ഒരു ശാസ്ത്രജ്ഞനെന്ന നിലക്ക് തന്റെ ജോലി അമേരിക്കയിൽ നിന്നോ യൂറോപ്പിൽ നിന്നോ ജനിതക മാറ്റം വരുത്തിയ വിളകൾ കൊണ്ടുവരികയും അതിലൂടെ കർഷകരെ അവരുടെ ദുരിതത്തിൽ നിന്ന് കരകയറ്റുകയും ചെയ്യാം എന്നാണ്. അവർ ഇതിനപ്പുറം ഒന്നും കാണുന്നില്ല. സാങ്കേതികവിദ്യയുടെ പുറകിലെ രാഷ്ട്രീയം മനസ്സിലാക്കാൻ അവരാരും തന്നെ ശ്രമിക്കുന്നില്ല. ഉല്പാദനം കൂട്ടാനുള്ള നമ്മുടെ ശ്രമത്തിനിടയിൽ സാങ്കേതിക വിദ്യകളുടെ രാഷ്ട്രീയ സാമ്പത്തിക താൽപര്യങ്ങൾ മനസ്സിലാക്കാൻ നമ്മൾ മറന്നുപോകുന്നു.

ഒരു ഉദാഹരണത്തിലൂടെ ഞാനിത് വിശദീകരിക്കാം. ഓർത്തുനോക്കുക. കർഷകർ ഒരുകാലത്ത് നെൽവിത്ത് വിതയ്ക്കുകയായിരുന്നു പതിവ്. ഉഴുതിട്ട പാടത്ത് വെറുതെ വിത്ത് വിതയ്ക്കും. 1960 കളിൽ അത്യുല്പാദനശേഷിയുള്ള വിത്തുകൾ വരുന്നതിനു മുൻപെ ഇതായിരുന്നു പൊതുവെയുള്ള രീതി. ഈ സമയത്താണ് ഞാറ് നടൽ വ്യാപകമാക്കിയത്. ഉൽപാദനക്ഷമത കൂട്ടണമെങ്കിൽ ഞാറ് പറിച്ച് നട്ടാലെ സാദ്ധ്യ



മാകൂ എന്ന് ശാസ്ത്രജ്ഞർ ഇക്കാലത്താണ് പറയാൻ തുടങ്ങിയത്. വിത്ത് വിതയ്ക്കൽ കാര്യക്ഷമമല്ലാത്തതും നിലവാരം കുറഞ്ഞതുമായ ഒരു രീതി യാണെന്നു വന്നു. കാർഷിക വിജ്ഞാന വ്യാപന വിഭാഗത്തിലൂടെ ഞാറ് പറിച്ചുനടീൽ അങ്ങിനെ എല്ലായിടത്തേക്കും വ്യാപിച്ചു.

നെൽകൃഷിയിൽ ഞാറ് പറിച്ചുനടുന്നത് ഇന്ന് ഒരു സാധാരണ രീതിയായികഴിഞ്ഞിരിക്കുന്നു. ഇന്ത്യയിൽ മാത്രമല്ല ഏഷ്യയിൽ എല്ലായി ടത്തും തന്നെ ഇതായിരിക്കുന്നു രീതി.

ഈ രീതി നടപ്പിലാക്കണമെന്ന് പറഞ്ഞ് നമ്മുടെ ദേശിയ കാർഷിക ഗവേഷണപദ്ധതിയിലൂടെ ഇത് വ്യാപകമാക്കിയ ഫിലി പ്പൈൻസിലെ അന്താരാഷ്ട നെല്ല് ഗവേഷണ കേന്ദ്രം (IRRI) 1980 കളുടെ അവസാനത്തിൽ ഒരു പഠനം നടത്തി. ഈ പഠനത്തിൽ അവർ കണ്ടെ ത്തിയത് വിതച്ചാലും ഞാറ് പറിച്ച് നട്ടാലും ഉല്പാദനത്തിൽ വലിയ മാറ്റ മൊന്നുമില്ല എന്നാണ്. നമ്മുടെ മനസ്സിലപ്പോൾ ഉയർന്നു വരുന്ന ചോദ്യ മിതാണ്. "സർ, പിന്നെയെന്തിനാണ് നിങ്ങൾ ഞാറ് പറിച്ചു നടാൻ ഞങ്ങ ളോട് പറഞ്ഞത്?" ഞാനീ ചോദ്യം അന്താരാഷ്ട്ര നെല്ല് ഗവേഷണ

കേന്ദ്രത്തിലെ ഒരു ഉന്നത ശാസ്ത്രജ്ഞനോടും ചോദിച്ചു. എനിക്ക് കിട്ടിയ മറുപടി ഇതായിരുന്നു, "ദേവീന്ദർ, ഞങ്ങൾ വാസ്തവത്തിൽ ട്രാക്ടർ വ്യവസായികളെ സഹായിക്കുകയായിരുന്നു. ഏഷ്യയിലാണ് 97% നെല്ലും ഉൽപാദിപ്പിക്കുന്നത്. ട്രാക്ടറിന്റെ വിൽപന ഇവിടെ കൂടണമെങ്കിൽ ട്രാക്ടറിന് നെൽപാടങ്ങളിൽ ഇറങ്ങാൻ കഴിയണം. കർഷകർ വിത്ത് വിതയ്ക്കുകയാണെങ്കിൽ ട്രാക്ടർ ഇറക്കാൻ കഴിയുകയില്ല. ട്രാക്ടറിന്റെ വില്പന കൂടണമെങ്കിൽ ഞാറ് നടൽ വ്യാപകമാക്കണം. വരി പിടിച്ചുള്ള ഞാറ് നടൽ പ്രോത്സാഹിപ്പിച്ചത് ട്രാക്ടറിന് വയലിലിറങ്ങാൻ സഹായകമായി." മറ്റൊരു തരത്തിൽ പറഞ്ഞാൽ ഞാറ് നടൽ പ്രോത്സാഹിപ്പിച്ചത് ട്രാക്ടർ വില്പനയെയായിരുന്നു. ട്രാക്ടറിന്റെ ഒപ്പം മറ്റു പല യന്ത്രങ്ങളും വന്നു. നമുക്കറിയാം യന്ത്രങ്ങൾ കൂടുന്തോറും കൃഷിക്കാരുടെ കൃഷിച്ചിലവും കൂടും.

ഞാറ് നടൽ പ്രോത്സാഹിപ്പിച്ച അതേ ഗവേഷണ സ്ഥാപനമാണ് ഇന്ത്യയിലെ കിഴക്കൻ സംസ്ഥാനങ്ങളിലിന്ന് വിത്ത് വിതയ്ക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നത്.

. ട്രാക്ടറാണ് പുരോഗതിയുടെ ചിഹ്നമെന്ന് നമ്മളെങ്ങിനെയോ നമ്മുടെ കർഷകരെ പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുന്നു. ട്രാക്ടർ ഇറങ്ങിയ കാലത്ത് പത്രങ്ങളിലെല്ലാം മുഴുവൻ പേജ് പരസ്യങ്ങൾ വരാറുള്ളത് ഞാനോർക്കുന്നു. ഇതിലെല്ലാം തലയിലൊരു തലപ്പാവും വച്ച് മീശ മുകളിലേക്കു പിരിച്ച് ട്രാക്ടറിന്റെ മുകളിൽ അഭിമാനപൂർവ്വമിരിക്കുന്ന ഒരു കർഷകന്റെ ചിത്രമുണ്ടായിരുന്നു. ഇതാണ് പുരോഗതിയുടെ ചിഹ്നമായി മുൻപോട്ട് വച്ചിരുന്നത്. നിങ്ങളൊരു ട്രാക്ടർ ഓടിക്കുന്നില്ലെങ്കിൽ നിങ്ങളൊരു പുരോഗമന വാദിയായ കർഷകനല്ല. ട്രാക്ടറിന്റെ കച്ചവടത്തോടൊപ്പം എളുപ്പം കടമെടുക്കാനുള്ള വഴികളും ഉണ്ടായി. നിങ്ങളുടെ പോക്കറ്റിൽ വെറും 500 രൂപയുണ്ടെങ്കിൽ നിങ്ങൾക്ക് കടയിൽ പോയി 5 ലക്ഷം രൂപ വിലയുള്ള ഒരു ട്രാക്ടർ വാങ്ങിയ്ക്കാം. കടക്കാരൻ നിങ്ങളെയും ട്രാക്ടറിനെയും ഹാരമണിയിക്കുകയും ട്രാക്ടർ നിങ്ങളുടെ വീട്ടുമുറ്റത്ത് എത്തിച്ചുതരികയും ചെയ്യും. ഇതാണ് പഞ്ചാബിൽ സംഭവിച്ചത്. ഹരിത വിപ്ലവം നടപ്പാക്കിയ ഉത്തരേന്ത്യയിലെല്ലായിടത്തും ഇതാണ് ഉണ്ടായത്.

എന്നാൽ ഈ പുരോഗതിയുടെ ചിഹ്നം ഇന്നൊരു ആത്മഹത്യയുടെ ചിഹ്നമായി മാറിയിരിക്കുന്നു. ഇന്ന് പഞ്ചാബിൽ അവിടെ ആവശ്യമുള്ളതിനേക്കാൾ 70% - ലധികം ട്രാക്ടറുണ്ട്. ഇതായിരുന്നു മാർക്കറ്റിന്റെ

ആകർഷണ തന്ത്രം. ആവശ്യമില്ലെങ്കിലും ദുർബലരായ കർഷകർ ഇതിലേക്ക് ആകർഷിക്കപ്പെട്ടു. ട്രാക്ടർ ഉടമയാവുകയെന്നത് ഓരോ കർഷകനും തന്റെ അഭിമാനമായി മാറി. ഉയർന്നുകൊണ്ടിരിക്കുന്ന കടത്തിൽ നിന്ന് താൽക്കാലിക രക്ഷനേടാൻ പോലും വാസ്തവത്തിൽ ട്രാക്ടർ ഒരു എളുപ്പവഴിയായി ഇപ്പോൾ മാറിയിരിക്കുകയാണ്.മാസവരുമാനം ശരാശരി 3200 രൂപമാത്രമുള്ള കർഷകർക്കെങ്ങിനെയാണ് സാമൂഹ്യ ബാദ്ധ്യതകൾ നിറവേറ്റാനാകുക? അയാൾക്ക് മകളെ വിവാഹം കഴിപ്പിച്ചയയ്ക്കണം. അതിനുള്ള സ്ത്രീധനം അയാൾകണ്ടെത്തണം. ഇന്നത്തെയാഥാർത്ഥ്യങ്ങളിലേക്ക് നോക്കുകയാണെങ്കിൽ സംഭവിക്കുന്നത് ഇതാണ്. ഒരു ദിവസം കർഷകർ കടമെടുത്ത് ട്രാക്ടർ വാങ്ങിക്കുന്നു. എന്നിട്ട് തൊട്ടടുത്ത ദിവസം അയാൾ അത് വില്ക്കുന്നു. 2-3 ലക്ഷം രൂപ ഉണ്ടാക്കുന്നു. ഈ പൈസ കൊടുത്ത് മകളുടെ കല്ല്യാണത്തിന് അയാളൊരു മാരുതി കാർ വാങ്ങുന്നു.

ട്രാക്ടറിന്റെ സാമ്പത്തിക രാഷ്ട്രീയം മനസ്സിലാക്കിയ പഞ്ചാബിലെ കാർഷിക കമ്മീഷൻ സംസ്ഥാന സർക്കാറിന് ഒരു നിർദ്ദേശം നൽകിയിരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് ട്രാക്ടർ കൊടുക്കാതിരിക്കുക. എന്നാൽ പഞ്ചാബിലെ സർക്കാറിന്റെ മറുപടി എന്തായിരുന്നുവെന്നോ ? ക്ഷമിക്കണം, ഞങ്ങൾക്കിത് ചെയ്യാൻ കഴിയില്ല. ഞങ്ങളിത് കർഷകരുടെ തീരുമാനത്തിന് വിടുന്നു.

പഞ്ചാബിൽ നിന്ന് തുടങ്ങി ബംഗാൾ വരെ ഇന്ന് ആത്മഹത്യയുടെ ചിഹ്നമായി ട്രാക്ടർ മാറിയിരിക്കുന്നു. ഞാൻ പറയുന്നത് ട്രാക്ടർ ആവശ്യമേയില്ല എന്നല്ല. എന്നാൽ അത് എവിടെ, എത്രവേണമെന്ന്, എത്രത്തോളം എടുക്കാൻ പറ്റുമെന്ന് നിങ്ങൾക്ക് ധാരണയുണ്ടായിരിക്കണം.

ഉത്തരേന്ത്യയെ നിറച്ചതിനുശേഷം ട്രാക്ടർ വ്യവസായം ഇന്ന് തെക്കോട്ടും മദ്ധ്യേന്ത്യയിലേക്കും നീങ്ങുകയാണ്. തെക്കേഇന്ത്യയിൽ അവർ ഒരു പടികൂടി മുൻപോട്ട് വയ്ക്കുകയും കാർഷിക സർവകലാശാലകളുമായി കരാറുകൾ ഒപ്പിടുകയുമാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഇന്ന് കാർഷിക സർവകലാശാലകൾ ട്രാക്ടറിനെ പ്രോത്സാഹിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ്. നിങ്ങളൊരു ട്രാക്ടർ നിർമ്മാതാവാണെങ്കിൽ നിങ്ങൾക്കിരുന്നു വിശ്രമിക്കാം. നിങ്ങൾക്കു വേണ്ട ജോലി ഇനി കാർഷിക ശാസ്ത്രജ്ഞർ ചെയ്യും. ഇതാണ് ചുറ്റിലും സംഭവിക്കുന്നത്. വടക്കെ ഇന്ത്യയിൽ എന്ത് സംഭവിച്ചോ അത് തെക്കും ആവർത്തിക്കുകയാണ്. കൂടു

തൽ ആവേശത്തോടെ. ഒരു പാഠവും ആരും പഠിച്ചില്ല.

നെല്ലിന്റെയും കീടനാശിനിയുടെയും കാര്യമെടുക്കാം. നമ്മളോട് പറഞ്ഞു തന്നിരുന്നത് നിങ്ങൾ പുതിയ നെൽ വിത്തുകൾ ഉപയോഗിക്കുകയാണെങ്കിൽ അതിന് കൂടുതൽ വളർച്ച ഉണ്ടാകുമെന്നും അതുകൊണ്ട് പ്രാണികൾ കൂടുതൽ ആകർഷിക്കപ്പെടുമെന്നുമാണ്. ഈ കീടങ്ങളെ നിയന്ത്രിക്കാൻ കീടനാശിനികൾ ഉപയോഗിക്കുകയല്ലാതെ വേറെ വഴിയില്ല. കീടനാശിനികൾ അപകടകാരികളാണ്. എന്നാൽ ഇതല്ലാതെ മറ്റൊരു വഴിയുമില്ലെന്നാണ് ശാസ്ത്രജ്ഞർ പറഞ്ഞുകൊണ്ടിരുന്നത്. രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷിതത്വം ഉറപ്പാക്കാൻ ഇതേ വഴിയുള്ളു. അതിനാൽ നമ്മൾ ഇത്രയും കാലവും കീടനാശിനികൾ അടിച്ചുകൊണ്ടിരുന്നു. അവർ വീണ്ടും ഒരു കാര്യം കൂടി പറഞ്ഞു. കീടനാശിനി ഉപയോഗത്തിന്റെ കാര്യക്ഷമത വർദ്ധിക്കണമെങ്കിൽ വ്യത്യസ്ത നോസിൽ ഉള്ള നാപ്-സാക് സ്പ്രെയർ ഉപയോഗിക്കണം. ഓരോ വിളക്കും ഓരോ പ്രത്യേക നോസിൽ വേണമെന്നും അവർ നിഷ്കർഷിച്ചു. പരുത്തി, നെല്ല്, കരിമ്പ് ഓരോന്നിനും ഓരോ നോസിൽ കർഷകർ ഉപയോഗിച്ചു.

1980 കളിൽ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്ന് മറ്റൊരു പഠനം പുറത്തുവന്നു. അതിൽ പറഞ്ഞിരിക്കുന്നത് നിങ്ങൾ നാപ്-സാക് സ്പ്രെയർ ഉപയോഗിക്കുകയാണെങ്കിലും, അതല്ലെങ്കിൽ ജലസേചന സംവിധാനത്തിന്റെ തുടക്കത്തിൽ കീടനാശിനി വയ്ക്കുകയാണെങ്കിലും ഫലം ഒന്നു തന്നെയാണെന്നാണ്. പിന്നെ എന്തിനാണ് നമ്മളോട് ഇത്രയും കാലം നാപ്- സാക്



സ്പ്രേയറും വ്യത്യസ്ത നോസിലു കളും വാങ്ങണമെന്ന് പറഞ്ഞത്? നിങ്ങൾ ഊഹിച്ചത് ശരി തന്നെ യാണ്. ട്രാക്ടറിന്റെ കാര്യത്തിൽ എന്തു സംഭവിച്ചുവോ അതു തന്നെ കീടനാശിനിയുടെ കാര്യത്തിലും സംഭവിച്ചു. കീടനാശിനി സ്പ്രേയറുകളും മറ്റ് ഉപകരണങ്ങളും നിർമ്മിക്കുന്നവരെ സഹായിക്കുകയായിരുന്നു ശാസ്ത്രജ്ഞർ ഇത്രയും കാലം ചെയ്തത്.

ഈ ദുരന്തം ഒന്ന് നോക്കു. 1966-67 ൽ ഹരിത വിപ്ലവം തുടങ്ങി, 40 വർഷം കഴിഞ്ഞതിനു ശേഷവും നമ്മുടെ തെറ്റുകൾ നമ്മൾ തിരിച്ചറിഞ്ഞിട്ടില്ല. ഇപ്പോൾ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം പറയുകയാണ് ഏഷ്യയിലെ നെൽകൃഷിക്ക് കീടനാശിനി തന്നെ ആവശ്യമില്ലെന്ന്. ഇത് അവർ കർഷകരിൽ നിന്ന് പഠിച്ചുവത്രേ! 40 വർഷത്തോളം ദുരന്തം ഉണ്ടാക്കിയതിനുശേഷം ഇപ്പോൾ അവർ തങ്ങളുടെ തെറ്റ് തിരിച്ചറിയുന്നു. ഫിലിപ്പൈൻസിലെ സെൻട്രൽ ല്യൂസോൺ പ്രദേശം, വിയറ്റ്നാം, ബംഗ്ലാദേശ്, ഇന്ത്യയിലെ ചില പ്രദേശങ്ങൾ ഇവിടങ്ങളിൽ കീടനാശിനി ഉപയോഗിക്കാതെ കൂടുതൽ വിളവ് ഉണ്ടാകുന്നതായി ഇവർ പറയുന്നു. നെൽകർഷകരെ വിഷമിപ്പിക്കുന്നതരത്തിൽ കീടങ്ങളുടെ വംശവർദ്ധനയും ഇവിടങ്ങളിലില്ല. ഇതിന്റെ അർത്ഥം കർഷകർക്ക് സ്വാഭാവികമായി അറിയാമായിരുന്ന ഇക്കാര്യം തിരിച്ചറിയാൻ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം 40 വർഷമെടുത്തു, എന്നല്ലേ? അവർ പറയുന്നത് അനുസരിക്കാനാണ് ഇത്രയുംകാലം നമ്മുടെ കർഷകരോട് പറഞ്ഞിരുന്നത്. എന്നാൽ ഈ ശാസ്ത്രജ്ഞർ ആദ്യം മുതൽക്കേ കർഷകർ പറയുന്നത് ഒന്ന് ശ്രദ്ധിച്ചിരുന്നെങ്കിൽ കീടനാശിനികളിൽ നിന്ന് പ്രകൃതിക്കും, കീടങ്ങൾക്കും, മനുഷ്യന്റെ ആരോഗ്യത്തിനും ഇത്രയുമധികം അപകടം ഉണ്ടാകാതെ കഴിയ്ക്കാമായിരുന്നു.

മഴക്കാലം വരുമ്പോൾ നിങ്ങൾ നിങ്ങളുടെ കുട്ടിക്കാലം ഓർമ്മിക്കുന്നുണ്ടാകും. മഴക്കാലത്ത് നമ്മുടെ വീടുകളിലേക്ക് മണ്ണിരകൾ ഇഴഞ്ഞുകയറാറുള്ളത് ഒന്നോർത്തുനോക്കു. അതിപ്പോൾ സംഭവിക്കുന്നില്ല. എവിടെയാണവർ അപ്രത്യക്ഷമായത്? ആരാണവരെ കൊന്നത്?

രാസവളങ്ങളുടെ രക്തസാക്ഷികളാണവർ. രാസവളം ഉപയോഗിച്ചുതുടങ്ങുമ്പോൾ നമുക്ക് കാണാൻ പറ്റുന്ന അപകടങ്ങളും കാണാൻ പറ്റാത്തവയും സംഭവിക്കും. ഉദാഹരണത്തിന്, മണ്ണിലെ സൂക്ഷ്മജീവികൾക്കെന്തു സംഭവിക്കുന്നു എന്ന് നമുക്ക് കാണാൻ കഴിയില്ലല്ലോ? എന്നാൽ മണ്ണിരകൾക്ക് എന്ത് സംഭവിക്കുന്നുവെന്ന് കൃത്യമായി കാണാ

മായിരുന്നു. എപ്പോഴും എനിക്ക് അത്ഭുതം തോന്നിയിട്ടുള്ള കാര്യം എന്തു കൊണ്ട് നമ്മുടെ ശാസ്ത്രജ്ഞർ മണ്ണിരകളുടെ ഈ നാശത്തെ പറ്റി പറഞ്ഞില്ല എന്നാണ്. നമ്മൾ രാസവളം ഉപയോഗിക്കുമ്പോൾ നാലഞ്ച് മണിക്കൂറുകൾക്കകം തന്നെ മണ്ണിന്റെ അമ്ലത പെട്ടെന്നുയരുകയും മണ്ണിരകൾക്ക് ജീവിക്കാൻ പറ്റാത്ത അന്തരീക്ഷം ഉണ്ടാകുകയും ചെയ്യും. അവ കൊല്ലപ്പെടും. എന്നാൽ കൃഷിയിൽ എന്തുമാത്രം പ്രധാനപ്പെട്ട ഒരു പങ്കാണ് മണ്ണിരകൾക്കുള്ളതെന്ന് നമുക്കാരും പറഞ്ഞുതന്നില്ല. നമ്മളോട് ആവർത്തിച്ച് പറഞ്ഞിരുന്നത് ഭക്ഷ്യോൽപാദനം കൂട്ടണം, അതിന് നിങ്ങൾ



രാസവളങ്ങൾ ഉപയോഗിക്കണം എന്നുമാത്രമാണ്. അങ്ങിനെ നമ്മൾ നൈട്രജനും ഫോസ്ഫറസും പൊട്ടാസ്യവും അടങ്ങിയ വളങ്ങൾ മണ്ണിലിട്ടുകൊണ്ടേയിരുന്നു.

40 വർഷങ്ങൾക്കു ശേഷം വീണ്ടും നമ്മൾ മണ്ണേരകളുടെ പ്രാധാന്യത്തെകുറിച്ച് തിരിച്ചറിയുന്നു. മണ്ണേരകമ്പോസ്റ്റ് ഉപയോഗിക്കണമെന്ന് പറയാൻ നമ്മൾ തുടങ്ങിയിരിക്കുന്നു. മണ്ണേരകമ്പോസ്റ്റ് വിൽക്കുന്ന ഒരു വ്യവസായം തന്നെ ഇവിടെ വളർന്നു വരുന്നു. ആദ്യം നമ്മൾ മണ്ണേരകളെ മുഴുവൻ കൊന്നൊടുക്കി. എന്നാൽ അവയുടെ പ്രാധാന്യം മനസ്സിലാക്കി നമ്മൾ ഇന്ന് മണ്ണേരകമ്പോസ്റ്റ് കൊണ്ട് അതിന് പകരം വയ്ക്കാൻ ശ്രമിക്കുന്നു. പാവപ്പെട്ട കർഷകന് അവന് സ്വയമുണ്ടാക്കാൻ കഴിയുമായിരുന്ന ഒരു സാധനം ഇപ്പോൾ ഒരു വ്യവസായികോൽപന്നമായി കാശ് കൊടുത്ത് വാങ്ങേണ്ടി വരുന്നു.

എന്തുകൊണ്ടാണ് മണ്ണേരയുടെ പ്രാധാന്യത്തെ പറ്റി അമേരിക്കൻ ശാസ്ത്രജ്ഞർ നമുക്ക് പറഞ്ഞു തരാതിരുന്നത്? മണ്ണേരകളെ നശിപ്പിയ്ക്കാത്ത വിധം രാസവളങ്ങൾ ഉപയോഗിക്കാൻ അവർ നമ്മെ പഠിപ്പിക്കാത്തതെന്താണെന്ന് ഞാൻ എപ്പോഴും അത്ഭുതപ്പെടാറുണ്ട്. രണ്ടു വർഷം മുൻപ് റോയിട്ടർ വാർത്താഏജൻസിയുടെ ഒരു റിപ്പോർട്ട് വായിച്ചപ്പോഴാണ് ഇതിനുള്ള ഉത്തരം എനിക്ക് കിട്ടിയത്. ആഫ്രിക്കയിൽ നിന്ന് 3 വർഷം മുൻപ് അമേരിക്ക മണ്ണേര ഇറക്കുമതി ചെയ്തുവത്രേ. വളരെ പെട്ടെന്നു തന്നെ ഒരു ശല്ല്യമായ വിദേശ ജീവിവർഗ്ഗമായി അമേരിക്കയിൽ ഇതുമാറി. അമേരിക്കൻ മണ്ണിന് ശല്ല്യമായി തീർന്ന ഇവയെ നശിപ്പിക്കാൻ ഇന്നവർ വളരെയധികം പണം ചിലവഴിച്ചുകൊണ്ടിരിക്കുകയാണ്.

ഈ വാർത്ത നമ്മെ അത്ഭുതപ്പെടുത്തുന്നുവല്ലേ? അമേരിക്കയിൽ മണ്ണേരകൾ വ്യാപകമായി ഉണ്ടായിരുന്നില്ലെന്ന് ഈ ന്യൂസ് റിപ്പോർട്ട് പറയുന്നു. ഇവയുണ്ടായിരുന്നത് മലമ്പ്രദേശങ്ങളിലോ നാഷണൽ പാർക്കുകളിലോ ആയിരുന്നു. കാർഷിക ഭൂമിയിൽമിക്കയിടത്തും മണ്ണേരകൾക്ക് ജീവിക്കാൻ പറ്റിയ ഊഷ്മാവല്ല ഉള്ളത്. മാത്രവുമല്ല എല്ലാ വർഷവും കുറച്ച് മാസങ്ങളെങ്കിലും കൃഷിഭൂമി മഞ്ഞ് മൂടി കിടക്കുകയായിരിക്കും. രാസവളങ്ങൾ കൊണ്ട് മണ്ണേരകൾ ചാകും എന്നത് മനസ്സിലാക്കാൻ അമേരിക്കൻ ശാസ്ത്രജ്ഞർക്ക് കഴിയാതിരുന്നതിൽ അത്ഭുതമില്ല.

ഇന്ത്യൻ ശാസ്ത്രജ്ഞരുടെ കാര്യമോ? എന്തുകൊണ്ടാണവർ മണ്ണേരകളുടെ പ്രാധാന്യത്തെ പറ്റിയും അവയെ സംരക്ഷിക്കേണ്ടതിന്റെ

ആവശ്യകതയെപറ്റിയും പറയാതിരുന്നത്? അമേരിക്കൻ ശാസ്ത്രജ്ഞർ ഇപ്പോൾ മണ്ണിരകളുടെ പ്രാധാന്യം തിരിച്ചറിയുകയും ആഫ്രിക്കയിൽ നിന്ന് മണ്ണിരയെ ഇറക്കുമതി ചെയ്യുകയും ചെയ്യുമ്പോൾ നമുക്കിത് എന്തുകൊണ്ട് നേരത്തെ കാണാൻ പറ്റിയില്ല? ഉത്തരം വളരെ ലളിതമാണ്. അമേരിക്കൻ ശാസ്ത്രജ്ഞർ പറഞ്ഞുകൊടുത്ത കുറിപ്പടി അതേപടി പിൻതുടരുകയായിരുന്നു അവർ. നമ്മുടെ കാർഷിക വ്യവസ്ഥയിൽ നമുക്ക് വിശ്വാസമുണ്ടായിരുന്നില്ല.' നമ്മുടെ കർഷകരുടെ കഴിവിലും ജ്ഞാനത്തിലും അവർക്ക് വിശ്വാസം ഉണ്ടായിരുന്നില്ല.

മണ്ണിര അവയുടെ ജീവിതകാലത്ത് 6 ടണ്ണോളം മണ്ണ് ഉഴുതുമറിക്കുന്നതായി പ്രശസ്ത ജൈവകർഷകനായ ഭാസ്കർ സാവേ പറയുന്നു. ഇന്ത്യയിലെ മണ്ണിരയാകട്ടെ ചാകുന്ന സമയത്ത് മണ്ണിന്റെ ആഴങ്ങളിലേക്ക് പോകുകയാണ് ചെയ്യുന്നത്. മണ്ണുമായി ഇത്രമാത്രം ബന്ധപ്പെട്ടു നിൽക്കുന്ന മണ്ണിരകൾ തന്റെ ശരീരം ഒടുവിൽ മണ്ണിലെ ജൈവാംശത്തിലേക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. പക്ഷേ എന്തുകൊണ്ടോ നമുക്ക് നമ്മുടെ മണ്ണിരകളിൽ വിശ്വാസമില്ല. നമ്മുടെ പ്രകൃതി വിഭവങ്ങളിൽ വിശ്വാസമില്ല. മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാൻ പോലും നമ്മൾ ഫിലിപ്പൈൻസിൽ നിന്നും ആഫ്രിക്കയിൽ നിന്നും മണ്ണിരകളെ ഇറക്കുമതി ചെയ്യുകയാണ്. ഇന്ത്യൻ മണ്ണിര നമുക്ക് ഉപയോഗയോഗ്യമായി തോന്നുന്നില്ല. ഒരു രാജ്യമെന്ന നിലക്ക് നമ്മുടെ ജൈവസമ്പത്തിനെകുറിച്ച് നമുക്ക് നാണക്കേടാണ് തോന്നുന്നത്. നമ്മളെപ്പോഴും സാങ്കേതിക വിദ്യകൾക്കും ഉൽപ്പന്നങ്ങൾക്കും വേണ്ടി പുറത്തേക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്.

നീർത്തട സാങ്കേതിക വിദ്യയുടെ കാര്യമെടുക്കുക. എല്ലാവരും ഇതിന്റെ പ്രാധാന്യത്തെ കുറിച്ച് പറയുന്നു. പരമ്പരാഗത ജലസംരക്ഷണ വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനെ കുറിച്ചും ആളുകൾ സംസാരിക്കുന്നുണ്ട്. ഇന്ന് നടപ്പിലുള്ള നീർത്തടപദ്ധതികൾ എല്ലാം തന്നെ Ridge to Valley വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതാണോ മഴവെള്ളം കൊയ്യാനുള്ള പരമ്പരാഗത വഴി? രാജ്യം മുഴുക്കെ ഇതായിരുന്നോ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടിയിരുന്നത്?

1980 കളുടെ തുടക്കത്തിലാണ് അന്നത്തെ കാർഷിക സെക്രട്ടറി അമേരിക്കയിലെ ടെന്നസ്സി വാലി അതോറിറ്റി സന്ദർശിക്കാൻ പോകുന്നത്. അവിടെയാണ് അദ്ദേഹം Ridge to Valley നീർത്തട വ്യവസ്ഥ കാണുന്നത്. ഈ പദ്ധതി അദ്ദേഹത്തെ നന്നായി ആകർഷിക്കുകയും ഇത് ഇന്ത്യ

യിൽ തുടങ്ങണമെന്ന് അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. ഇടയ്ക്കിടെയായി വർഷം മുഴുവനും മഴ കിട്ടുന്ന അമേരിക്കക്ക് ഈ പദ്ധതി യോജിച്ചതാകാം എന്നുപോലും അയാൾ തിരിച്ചറിഞ്ഞില്ല. ഇന്ത്യയിലോ? മൂന്നു മാസം നീണ്ടുനിൽക്കുന്ന മൺസൂൺ കാലത്ത് 100 മണിക്കൂറിനുള്ളിൽ കാലവർഷം പെയ്തു തീരുകയാണ്. അതിനാൽ അമേരിക്കക്ക് യോജിച്ച നീർത്തട മോഡൽ ഇന്ത്യക്ക് യോജിച്ചതായില്ല.

എന്നാൽ ഈ അമേരിക്കൻ മോഡൽ 40 പ്രോജക്ടുകളിലൂടെ ഇന്ത്യയിൽ ആദ്യം അവതരിപ്പിച്ചു. ഈ പ്രോജക്ടുകളെ നേരാംവണ്ണം വിലയിരുത്താതെ അടുത്ത വർഷം തന്നെ ഇത് 2000 ത്തോളം ബ്ലോക്കുകളിലേക്ക് ലോകബാങ്കിന്റെ സഹായത്തോടെ വ്യാപിപ്പിച്ചു. പല കാർഷിക ശാസ്ത്രജ്ഞരും ഇതിനെ എതിർത്തിരുന്നു. ആദ്യം നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലങ്ങളെ വിലയിരുത്തി മാത്രമേ ഇവ പുതിയ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാവൂ എന്നവർ ആവശ്യപ്പെട്ടു. പക്ഷേ ഇതിനെയെല്ലാം മറി കടന്നുകൊണ്ട് പദ്ധതി വ്യാപിച്ചു. ഇന്ന് നമുക്കറിയാം നീർത്തട പദ്ധതികൾ ഒരു വൻവ്യവസായമായി മാറിയിരിക്കുകയാണ്. ഉദ്യോഗസ്ഥർ തുടങ്ങി പഞ്ചായത്ത് മെംബർമാർ, സന്നദ്ധസംഘടനകൾ എല്ലാവരും ഇതിന്റെ ഗുണഭോക്താക്കളാണ്. വെറുതെയല്ല ഇതിനിത്ര പ്രോത്സാഹനം കിട്ടിയത്. ഇതിന് ചിലവാക്കിയ പണവും സംഭരിച്ച മഴവെള്ളവും തമ്മിൽ എന്തെങ്കിലും ചേർച്ചയുണ്ടോ എന്ന് ആരും ചോദിക്കുന്നില്ല.

അടുത്തൊരു കാലത്ത് അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ ഒരു പ്രഭാഷണപര്യടനത്തിന് പോയപ്പോൾ അവിടെയുള്ളവർ ഇന്ത്യയിലെ നീർത്തട പദ്ധതികളിൽ നിന്ന് പഠിക്കുന്നതായി കാണാൻ കഴിഞ്ഞു. ടെക്സാസിലെ A& M യൂണിവേഴ്സിറ്റിയിൽ എനിക്ക് അവർ കാണിച്ചുതന്ന നീർത്തട മോഡൽ തമിഴ്നാട്ടിലേതായിരുന്നു. അമേരിക്കക്കാർ തമിഴ്നാട്ടിലെ രീതിയുടെ ഗുണങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ തമിഴ്നാട്ടിൽ ഇപ്പോഴും Ridge to Valley എന്ന പഴയ അമേരിക്കൻ രീതിയാണ് തുടരുന്നത്. പടിഞ്ഞാറൻ രാജ്യങ്ങൾ പറയുന്നതു വരെ നമുക്കിപ്പോഴും നമ്മുടെ സാങ്കേതിക വിദ്യകളെ പറ്റി യാതൊരു മതിപ്പുമില്ല.

നമുക്ക് നമ്മുടെ പരമ്പരാഗത നീർത്തട ജലസംരക്ഷണ രീതികളിൽ വിശ്വാസമില്ല. അതുകൊണ്ട് നമുക്ക് ഇവ പുറത്തു നിന്ന് കടം വാങ്ങിയേ പറ്റൂ. ഞാൻ നേരത്തെ പറഞ്ഞതു പോലെ ഒരു രാജ്യമെന്ന നിലക്ക് നമുക്ക് നമ്മുടെ ജനിതക സമ്പത്തിലോ സസ്യ സമ്പത്തിലോ

പരമ്പരാഗത വിഭവങ്ങളിലോ വിശ്വാസമില്ലാതായിരിക്കുകയാണ്. നമ്മളെങ്ങോട്ടാണ് മുന്നേറുന്നത്? നേരത്തെ നമ്മളോട് പറഞ്ഞു നമ്മുടെ പശുക്കൾ മോശമാണെന്ന്, അവ ഉല്പാദനക്ഷമമല്ലെന്ന്, വിളകൾ ഗുണമില്ലാത്തവയാണെന്ന്. കാർഷിക രീതികൾ കാര്യക്ഷമമല്ലെന്ന്, യാതൊരു മടിയുമില്ലാതെ ഇപ്പോൾ അവർ പറയുന്നു നമ്മുടെ കർഷകരും കാര്യക്ഷമതയില്ലാത്തവരാണെന്ന്. കൃഷിയിൽ നിന്ന് നമ്മുടെ കർഷകരെ പുറന്തള്ളുന്ന സമയമായി.

നിങ്ങൾ അത്ഭുതപ്പെടരുത്. രാജ്യത്തിന്റെ സാമ്പത്തിക നയങ്ങൾ നോക്കുമ്പോൾ കൃഷിയുമായി ബന്ധപ്പെട്ട വിവിധ നയങ്ങൾ നോക്കുമ്പോൾ, ഒരു കാര്യം വ്യക്തമാണ്. നമ്മുടെ സർക്കാർ കർഷകർക്ക് വേണ്ടി ഒരു 'പുറത്താക്കൽ നയം' തുടങ്ങിയിരിക്കുകയാണ്. കർഷകർ രാജ്യത്തിനിന്നൊരു ഭാരമായി മാറിയിരിക്കുന്നു. അതിനാൽ കൃഷിയിൽ നിന്ന് പുറത്തുപോയേ പറ്റൂ.

കോൺട്രാക്ട് ഫാമിംഗ്, കൃഷിയിലെ വൈവിധ്യവൽക്കരണം, അവധി വ്യാപാരം, കമ്മോഡിറ്റി എക്സചേഞ്ച്, റിട്ടെയിൽ വ്യാപാരം, കുത്തക കൃഷി ഇതൊക്കെയാണ് ഇന്നത്തെ ഭക്ഷണശൃംഖലയുടെ വഴികൾ. നിങ്ങൾക്ക് ഇനി കൃഷിക്കാർ ആവശ്യമില്ല. നിങ്ങളെങ്ങനെ കൃഷി ചെയ്യണമെന്ന് ഭാവിയിൽ റിലയൻസ് പറഞ്ഞുതരും. ഒരു കൂരക്ക് കീഴിൽ എല്ലാ ഭക്ഷണസാധനങ്ങളും അവരെത്തിച്ചു തരും. അതു തന്നെ എയർകണ്ടീഷന്റ് സൗകര്യങ്ങളോടെ. ഇതാണ് ഭാവിയിലെ കൃഷി എന്നാണ് നമുക്ക് പറഞ്ഞുതരുന്നത്. സാമ്പത്തികമായി കൃഷി ഒരു നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കുത്തക കമ്പനികളുടെ ഇടപെടലോടെ കൃഷിയിലെ കാര്യക്ഷമത കൂട്ടിക്കൊണ്ടുവരികയാണത്രേ വേണ്ടത്. പക്ഷേ ആരും പറയാത്ത കാര്യം ലോകത്തൊരിടത്തും തന്നെ കുത്തക കമ്പനികൾ കർഷകർക്കുവേണ്ടി പ്രവർത്തിച്ചിട്ടില്ല എന്നതാണ്. വിപണികൾ വാസ്തവത്തിൽ കർഷകരെ വെറുക്കുകയാണ് ചെയ്യുന്നത്.

കാർഷിക സർവ്വകലാശാലകൾ ഒരിക്കൽ കൂടി അന്ധമായി ഇത്തരം കുറിപ്പടികൾ സ്വീകരിക്കുകയാണ്. 2005 ൽ ഇൻഡോ-യു.എസ് നോളജ് ഇനീഷ്യേറ്റീവ് എന്ന കരാർ ഒപ്പിട്ടപ്പോൾ കാർഷിക സർവ്വകലാശാലകൾ ആവേശഭരിതരായി. അവർ കരുതുന്നത് ഈ കരാറിലൂടെ അമേരിക്കയിലേക്ക് യാത്ര ചെയ്യാനും ജൈവസാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കാനും ഉള്ള ഒരു അവസരം അവർക്കു ലഭിക്കാൻ പോകുകയാ

ണെന്നാണ്. ഇറക്കുമതി ചെയ്യുന്ന ഈ സാങ്കേതിക വിദ്യ ഇന്ത്യക്ക് യോജിച്ചതാണോയെന്ന് ആരും ചോദിക്കുന്നില്ല. ഇന്ത്യയിലെ ശരാശരി ആളോഹരി കാർഷിക ഭൂമിയുടെ ലഭ്യത 1.4 ഹെക്ടറാണ്. ഇതിന് യോജിക്കുന്ന ഒരു സാങ്കേതിക വിദ്യ അമേരിക്കയിലോ യൂറോപ്പിലോ, ലോകത്തെവിടെയാണുള്ളത്?

ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങളൊന്നും ആരും ചോദിക്കുന്നില്ല. ഒന്നാം ഹരിത വിപ്ലവത്തിന്റെ തകർച്ചയിൽ നിന്ന് എന്ത് പാഠങ്ങളാണ് നമുക്ക് കിട്ടുന്നത്? രണ്ടാം ഹരിതവിപ്ലവത്തിൽ കർഷകരെ സംബന്ധിച്ചിടത്തോളം എന്തർത്ഥമാണുള്ളത്? അപകടം പിടിച്ച ജനിതക മാറ്റ സാങ്കേതിക വിദ്യ ആർക്കാണ് വേണ്ടത്? വിളവൈവിധ്യവൽകരണം ചെറുകിട കർഷകർക്കെന്താണ് നൽകുക? ഇതിന്റെ കാരണം ലളിതമാണ്. ഇനി മുതൽ ശാസ്ത്രജ്ഞരുടെ ഉൽകണ്ഠ ചെറുകിട കർഷകരെ കുറിച്ചല്ല. കാർഷിക ബിസിനസ്സ് വ്യവസായികളെയാണ് അവർ ലാക്കാക്കുന്നത്. ചെറുകിടകൃഷിയുടെ കാലം കഴിഞ്ഞുവെന്ന് അവർ നമ്മളോട് പറയുന്നു. ഇനിയുള്ള കാലം വ്യാപാര കൃഷിയുടെകാലമാണ്.

പുതിയ മന്ത്രം വിള വൈവിധ്യവൽക്കരണമാണല്ലോ. തെക്കേ അമേരിക്കൻ രാജ്യങ്ങളാണ് ആദ്യമായി വിളവൈവിധ്യവൽക്കരണത്തിലേക്ക് നീങ്ങാൻ നിർബന്ധിതരായതെന്ന് നിങ്ങൾക്ക് കാർഷിക ചരിത്രം നോക്കുകയാണെങ്കിൽ കാണാനാകും. 20-25 വർഷക്കാലം മുൻപ് ഈ രാജ്യങ്ങൾക്കു മേൽ ഘടനാപരമായ മാറ്റങ്ങൾ അടിച്ചേൽപിക്കപ്പെട്ടു. 140-150 നിബന്ധനകൾ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ വായ്പ കൊടുക്കാനായി മുന്നോട്ട് വച്ചു. ഇതിലൊന്ന് വിളവൈവിധ്യവൽക്കരണമായിരുന്നു. അതായത് ഭക്ഷ്യ വിളകളിൽ നിന്ന് നാണ്യവിളകളിലേക്ക് മാറുക. പതുക്കെ ഈ രാജ്യങ്ങളിൽ മാറ്റമുണ്ടായി. ഭക്ഷ്യ വിളകളിൽ നിന്നും സ്ട്രാബെറീസ്, മത്തൻ, പൂകൃഷി എന്നിവയിലേക്ക് കൃഷി മാറി. ഇന്ന് തെക്കേഅമേരിക്കയിലെ മിക്ക രാജ്യങ്ങളും ഭക്ഷ്യഇറക്കുമതിക്കാരായി മാറിക്കഴിഞ്ഞു.

ഇന്ത്യയിലും ഇന്നത്തെ മന്ത്രം ഇതു തന്നെയാണ്. ലോകബാങ്കിന്റെ ഓരോ വായ്പയും ഈ നിബന്ധനയുമായാണ് വരുന്നത്. ശാസ്ത്രജ്ഞർക്കും സാമ്പത്തിക വിദഗ്ധർക്കും ഈ മന്ത്രം ചൊല്ലി മതിയാകുന്നില്ല. അവർ ഒരുമിച്ച് ഈ മന്ത്രം ചൊല്ലുകയാണ്. പുറമേ നിന്നും വരുന്ന എന്ത് പദ്ധതിയേയും അവർക്ക് പിന്താങ്ങണമല്ലോ. ഈ വൈവിധ്യവൽക്കരണ

ത്തിന്റെ പുറകെ നമ്മളെന്തിന് പോകുന്നുവെന്ന് ആരും ചോദിയ്ക്കാത്ത തെന്താണ്? കൃഷിക്കാർക്കിത് എന്തു ഗുണമാണ് കൊണ്ടുവരിക? കാർഷിക വ്യവസ്ഥയുടെ നിൽനില്പിൽ എന്തു ഗുണമാണിത് ചെയ്യുക? ഗോതമ്പ്-നെല്ല് എന്ന വിളപരിക്രമണത്തിനെന്താണ് കുഴപ്പം? കുറച്ചുകാല ങ്ങളായി നമ്മളിത് നന്നായി ചെയ്തു വരികയാണല്ലോ. ഇതിന് നമുക്കെ പ്പോഴും കിട്ടുന്ന മറുപടി ഇത് നിലനിന്നത് സർക്കാറിന്റെ സഹായം കൊണ്ടാണെന്നാണ്. പ്രധാനമായും സംഭരണത്തിലും വിതരണത്തിലും. ഇത് തുടരാനായി സർക്കാറിന് പണമില്ലത്രേ. അതുകൊണ്ട് പ്രൈവറ്റ് കമ്പനികളുടെ ആവശ്യവുമായി ചേർന്നു നിന്നു കൊണ്ടേ ഇനി കൃഷിയിറ ക്കാനാകൂ. അതുകൊണ്ട് ഇനി മുതൽ കർഷകർ സൂര്യകാന്തി, തക്കാളി, സ്ട്രാബറി, കക്കിരി എന്നിവ കൃഷി ചെയ്താൽ മതി. ഇത് മാർക്കറ്റ് വാങ്ങി ക്കൊള്ളും.

വർഷങ്ങൾക്കു മുൻപ് നോബൽസമ്മാന ജേതാവായ ഡോ. നോർമൻ ബോർലോഗിനോട് ഇത്തരത്തിലുള്ള വിളവൈവിധ്യവൽക്കര ണമാണോ ഇന്ത്യക്ക് വേണ്ടതെന്ന് ഞാൻ ചോദിച്ചു. പഞ്ചാബിൽ ഇതേ കുറിച്ച് ചൂടുപിടിച്ച ചർച്ചകൾ നടക്കുന്ന സമയമായിരുന്നു. ഇതൊരു വിഡ്ഢിത്തമാണെന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങൾക്ക് 100 മീറ്റർ ഓട്ട ത്തിൽ മിടുക്കനായ ഒരു അത്‌ലറ്റ് ഉണ്ടെങ്കിൽ അയാളെ അക്കാര്യത്തിൽ ചാമ്പ്യനാക്കാൻ ശ്രമിക്കുന്നതിനു പകരം അയാളോട് ഹൈജംപിൽ പ്രഗ ത്ഭനാകാൻ ഉപദേശിക്കുമോ? പഞ്ചാബിൽ ഗോതമ്പ്-അരി വിളപരിക്രമ ണത്തിനു പകരം നാണ്യവിളകൾ കൃഷിചെയ്യേണ്ട കാര്യമില്ലെന്നും സൂര്യ കാന്തി, സോയാബീൻസ്, പൂക്കൾ എന്നിവ കൃഷി ചെയ്യാൻ വേറെ സ്ഥല ങ്ങളുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

വിളവൈവിധ്യവൽക്കരണത്തിനു പുറകിലുള്ള സാമ്പത്തിക രാഷ്ട്രീയ താൽപര്യങ്ങൽ നമ്മൾ നോക്കേണ്ടിയിരിക്കുന്നു. രണ്ടു കാര ണങ്ങൾ കൊണ്ട് വിളവൈവിധ്യവൽക്കരണം അത്യാവശ്യമാണെന്നാണ് നമ്മളോട് പറഞ്ഞു കൊണ്ടിരിക്കുന്നത്. ഒന്ന് മാർക്കറ്റിനാവശ്യമായത് ഉല്പാദിപ്പിക്കുന്നതിനാൽ കർഷകരുടെ വരുമാനം കൂടും. രണ്ട്, കുറച്ച് വെള്ളവും കുറച്ച് രാസവസ്തുക്കളും മാത്രം ആവശ്യമുള്ള വിളകളി ലേയ്ക്ക് മാറുമ്പോൾ കൃഷി കുറേകൂടി നിലനിൽക്കുന്നതാകും. എന്നാൽ ഇവ രണ്ടിലും വിളവൈവിധ്യവത്കരണം പരാജയപ്പെടുകയാണ് ചെയ്യു

ന്നതെന്നാണ് അനുഭവം.

ഒന്നാമതായി, വിളവൈവിധ്യവൽക്കരണം കർഷകന്റെ വരുമാനം കൂട്ടുമെങ്കിൽ, അത് അത്യാവശ്യമായി നടപ്പാക്കേണ്ടത് സമ്പന്നവ്യവസായ രാഷ്ട്രങ്ങളിലാണ്. ഈ രാജ്യങ്ങൾ ഓരോ വർഷവും 360 ബില്യൺ അമേരിക്കൻ ഡോളറാണ് കാർഷിക സബ്സിഡിയായി നൽകുന്നത്. ഒരു രാജ്യവും ഇത്രയുമധികം സാമ്പത്തിക പിന്തുണ കർഷകർക്ക് നൽകാനുദ്ദേശിക്കുന്നില്ല. എന്നാൽ വിളവൈവിധ്യവൽക്കരണം എന്ന മന്ത്രം സമ്പന്ന രാഷ്ട്രങ്ങൾക്കുള്ളതല്ല എന്നത് നിങ്ങളെ അത്ഭുതപ്പെടുത്താനിടയുണ്ട്. ഈ രാജ്യങ്ങളെപ്പോഴും ഗോതമ്പ്-ഗോതമ്പ്, പരുത്തി-പരുത്തി, ചോളം -ചോളം, സോയാബീൻ-സോയാബീൻ എന്ന കാർഷിക രീതി തന്നെ തുടർന്നു കൊണ്ടിരിക്കുകയാണ്. ആരും അവരോട് വൈവിധ്യവൽക്കരണം നടപ്പാക്കാൻ ആവശ്യപ്പെടുന്നില്ല.

എന്തുകൊണ്ടാണിത്? ഉത്തരം ലളിതമാണ്. പ്രധാന കാർഷിക ഉൽപന്നങ്ങൾക്കു വേണ്ടി മറ്റു രാജ്യങ്ങളെ തങ്ങളിൽ ആശ്രിതരാക്കി രാഷ്ട്രീയ മേധാവിത്തം നിലനിർത്താനാണ് ഈ രാജ്യങ്ങൾ ശ്രമിക്കുന്നത്. ഇവർ ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങൾ ഇന്ത്യയിലെയും മറ്റ് വികസ്വര രാജ്യങ്ങളിലെ കർഷകരും ഉൽപാദിപ്പിച്ചാൽ പിന്നെ അവർക്ക് ആഗോള വിപണിയെ കീഴടക്കാൻ കഴിയില്ലല്ലോ?

വിളവൈവിധ്യവൽക്കരണം അതിനാൽ നമുക്ക് മാത്രമാണ്. തെക്കേ അമേരിക്കയിൽ 20-25 വർഷം മുൻപ് ഇത് ആരംഭിച്ചു. ഈ വഴി പിൻതുടരുകയാണെങ്കിൽ നമ്മളും താമസിക്കാതെ ഭക്ഷണം ഇറക്കുമതി ചെയ്യുന്ന ഒരു രാജ്യമായി മാറും. നമ്മൾ നിർബ്ബന്ധമായും അവരുടെ ഈ തന്ത്രം തിരിച്ചറിയേണ്ടതുണ്ട്. നിങ്ങൾ പൂക്കൾ വളർത്തി കയറ്റുമതി ചെയ്ത് ഡോളർ നേടൂ. എന്നിട്ട് ആഗോളമാർക്കറ്റിൽ നിന്ന് ഭക്ഷണം വാങ്ങൂ എന്നത് തല തിരിഞ്ഞ ഒരു വാദമാണ്. ഇത് നല്ലതാണെങ്കിൽ അമേരിക്കയും യൂറോപ്യൻ യൂണിയനും ഇത് തന്നെ ചെയ്യേണ്ടതായിരുന്നല്ലോ.

വിളവൈവിധ്യവൽക്കരണം പാരിസ്ഥിതിക പുന:സ്ഥാപനത്തിന് സഹായിക്കുമോ? വെള്ളം കുറച്ചാവശ്യമുള്ള വിളകളെ ഇത് പ്രോത്സാഹിപ്പിക്കുമോ? ഇല്ല ഒരിക്കലുമില്ല. ഈ വഴിയിലൂടെ മുൻപോട്ട് പോകുകയാണെങ്കിൽ കൂടുതൽ രാസവസ്തുക്കൾ ആവശ്യമുള്ള വിളകളിലേക്കും ഭൂമിയിൽ നിന്ന് വെള്ളം ഊറ്റിയെടുക്കുന്ന കൃഷിയിലേക്കുമാണ്

നമ്മളെത്തുക. കോൺട്രാക്ട് ഫാമിംഗിൽ ഒരു കമ്പനി കർഷകരിൽ നിന്ന് നാലോ അഞ്ചോ വർഷത്തേക്ക് ഭൂമി പാട്ടത്തിനെടുക്കുകയും ഒടുവിൽ തിരികെ നൽകുമ്പോഴേക്കും അത് തരിശായി മാറുകയുമാണ് സംഭവിക്കുക. നമ്മുടെ കൃഷിഭൂമിയിൽ ബാക്കിയുള്ള ഫലപുഷ്ടി കൂടി നശിപ്പിക്കുകയാണ് വിളവൈവിധ്യവൽക്കരണം കൊണ്ടുണ്ടാകുക.

നിങ്ങൾ ഭൂമി പാട്ടത്തിന് നൽകുകയും അവർ വിളവൈവിധ്യവൽക്കരണം നടത്തുകയും ചെയ്തു കഴിയുമ്പോഴേക്കും കുത്തക വ്യാപാരികൾ എത്തും. കാർഷിക വളർച്ചയെന്നാലിന്ന് കുത്തക കമ്പനികളുടെ നിയന്ത്രണത്തിലുള്ള കൃഷിയുടെ അഭിവൃദ്ധിയാണ്. അവരുടെ കുറിപ്പടിയനുസരിച്ചുള്ള കൃഷിയാണ്.

ഇത് റീട്ടെയിൽ വ്യാപാരവുമായും ബന്ധപ്പെട്ടിരിക്കുന്നു. കുത്തക വ്യാപാരത്തെ പ്രോത്സാഹിപ്പിക്കാൻ രണ്ട് കാരണങ്ങളാണ് പറയുന്നത്. ഒന്ന്, കർഷകരിൽ നിന്ന് കമ്പനികൾ നേരിട്ട് ഉൽപന്നങ്ങൾ സംഭരിക്കുമ്പോൾ കർഷകർക്ക് കൂടുതൽ വില കിട്ടുന്നു. രണ്ടാമതായി, ഇത്രയും കാലം കർഷ



കരെ പിഴിഞ്ഞിരുന്ന ഇടനിലക്കാരെ ഇത് ഒഴിവാക്കുന്നു.

ഇത് രണ്ടും തെറ്റായ ധാരണകളാണ്. ഇടനിലക്കാരൻ ഒരു ചീത്തയാളാണെന്നാണ് വാദം. കാർഷിക മേഖലയിലെ പല പ്രശ്ന ങ്ങൾക്കും കാരണം ഇടനിലക്കാരാണെന്നതിനെ ഞാൻ ചോദ്യം ചെയ്യു ന്നില്ല. വിദ്യാർത്ഥിയായിരുന്ന കാലത്ത് ഞങ്ങളോട് പറഞ്ഞിരുന്നൊരു കാര്യം ഞാനിപ്പോഴും ഓർക്കുന്നു. ഇടനിലക്കാരൻ പോയാൽ മാത്രമേ കർഷകന് ലാഭമുണ്ടാകു എന്നാണത്. കഴിഞ്ഞ 40 വർഷമായി ഇവരെ ഒഴിവാക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. എന്നാലിപ്പോൾ നമ്മൾ ഈ ഇടനിലക്കാരുടെ എണ്ണം കൂട്ടാനാണ് പോകുന്നത്.

ഒട്ടും അത്ഭുതപ്പെടേണ്ട കാര്യമില്ല. ഞാൻ പറയുന്നത് ഇവിടെ ഇടനിലക്കാരുടെ എണ്ണം കൂടാൻ പോകുകയാണ് എന്നാണ്. ഒരു ഉദാഹ രണം ഞാൻ പറയാം. 1990 കളിൽ അമേരിക്കയിൽ തന്റെ ഉൽപന്നം വിൽക്കാനായി ഒരു കർഷകൻ മാർക്കറ്റിൽ പോകുമ്പോൾ, അയാളുടെ ഉൽപന്നത്തിന്റെ മൂല്യം 1 ഡോളറാണെങ്കിൽ, അതിൽ നിന്ന് അയാൾക്ക് ലഭിച്ചിരുന്ന വരുമാനം 70 സെന്റായിരുന്നു. അതായത് കർഷകന്റെ വരു മാനം 70% ആയിരുന്നു. ഇത് 1990 ൽ. വാൾമാർട്ടിന്റെയും അതുപോ ലുള്ള കുത്തക കടന്നുവരവോടെ ഇതുമാറി. 2005 ആകുമ്പോഴേക്കും കർഷ കന്റെ വരുമാനം വെറും 4 ശതമാനമായി മാറി. 70 ൽ നിന്ന് 4 ലേക്കുള്ള വീഴ്ച!

അമേരിക്കൻ കർഷകന്റെ അവസ്ഥ ഇതാണെങ്കിൽ ഇന്ത്യയിലെ കർഷകന്റെ സ്ഥിതി വ്യത്യസ്തമാകുമോ? ഇന്ത്യയിൽ കുത്തകകൾക്ക് കർഷകരോട് കൂടുതൽ കനിവുണ്ടാകുമോ? യാതൊരു മിഥ്യാധാരണയും നമുക്ക് വേണ്ട. ഇന്ത്യൻ കുത്തകകളുടെ ഉദ്ദേശവും പണമുണ്ടാക്കുകയെ ന്നതാണ്. അതല്ലാതെ കർഷകരെ വളർത്തുകയെന്നതല്ല.

ഇടനിലക്കാർക്കെന്തു സംഭവിക്കുന്നുവെന്നും നോക്കാം. അവ രുടെ എണ്ണം വാസ്തവത്തിൽ കുറയുകയല്ല കൂടുകയാണ് ചെയ്യുക. കർഷ കരുടെ 70 ൽ നിന്ന് 4 ലേക്കുള്ള വരുമാനത്തിന്റെ കുറവ് പുതിയ ഇടനി ലക്കാർ പങ്കിടുകയാണ് ചെയ്യുന്നത്. ഒരു വ്യത്യാസമേയുള്ളു അവർ മുണ്ടും കുർത്തയും ധരിച്ചല്ല വരുന്നത്. പകരം ടൊയോട്ട കാറോടിച്ച് നല്ല മോടിയുള്ള വേഷത്തിലാണെന്നതാണ്. ഗുണനിലവാരം ഉറപ്പ് വരു ത്തുന്നവർ, സ്റ്റാന്റേർഡ് നിയന്ത്രിക്കുന്നവർ, സർട്ടിഫൈയിംഗ് ഏജൻസി കൾ, ഭക്ഷ്യസംസ്കരണ ഏജൻസികൾ, സൂപ്പർമാർക്കറ്റുകൾ തുടങ്ങിയ

വരാണിവർ. പാവപ്പെട്ട കർഷകന്റെ മേൽ സദ്യയുണ്ണാൻ തയ്യാറെടുക്കുകയാണിവർ.

കുത്തക കമ്പനികൾ നൽകുന്ന കുറിപ്പടി കർഷകനെ തുരത്താനുള്ളതാണെന്നതിന് യാതൊരു സംശയവും നമുക്ക് വേണ്ട. കൃത്യമായും ഇതാണവർ അമേരിക്കയിൽ ചെയ്തത്. വർഷങ്ങൾ കൊണ്ട് അമേരിക്കയിൽ കർഷകർ കൃഷിയിൽ നിന്ന് പുറത്താക്കപ്പെട്ടു. കുത്തക കമ്പനികളിലെ ത്രിമൂർത്തികൾ നിശ്ചയിക്കും നമ്മളിനി എന്തു വളർത്തണം എന്തു കഴിയ്ക്കണം എന്ന്. ഇതിൽ ആദ്യത്തെ കൂട്ടർ സാങ്കേതിക വിദ്യകളുടെ കുത്തക കമ്പനികളാണ്. മൊൻസാന്റോ, സിൻജന്റ, പോലുള്ളവ. രണ്ടാമത്തെ കൂട്ടർ കച്ചവട കമ്പനികളാണ് - കാർഗിൽ, എ.ഡി.എം തുടങ്ങിയവർ. മൂന്നാമത്തെയാളുകളാണ് സൂപ്പർ മാർക്കറ്റ് ചെയിനുകൾ - വാൾമാർട്ട്, ടെസ്കോ, റിലയൻസ് തുടങ്ങിയവ.

ഈ കമ്പനികൾ ഒരുമിച്ച് വരാൻ തുടങ്ങിയിരിക്കുന്നു. മൊൻസാന്റോ സാങ്കേതിക വിദ്യ ഉൽപാദിപ്പിക്കുകയും കാർഗിൽ ധാന്യങ്ങൾ വാങ്ങുകയുമാണ് ചെയ്യുക. ഇവരുമായിസൂപ്പർ മാർക്കറ്റുകൾ ധാരണാ പത്രം ഉണ്ടാക്കുകയും സംസ്കരിച്ച ഭക്ഷണം നമ്മുടെ മേശപ്പുറത്തെത്തിക്കുകയും ചെയ്യും. നമ്മളെന്തു വളർത്തണം, നമ്മളെന്തു കഴിയ്ക്കണം, എങ്ങിനെ കഴിയ്ക്കണം എന്നത് ഇനിയിവർ തിരുമാനിക്കും.

നമ്മുടെ നാട്ടിലെ 600 ദശലക്ഷം കർഷകരിൽ പകുതിപേരെ കൃഷിയിൽ നിന്ന് പുറത്താക്കിയാൽ എന്തായിരിക്കും സംഭവിക്കുക എന്ന് ആലോചിച്ച് നോക്കു. അവർക്ക് പകരം നൽകാൻ കഴിയുന്ന ജോലി എവിടെയാണ്? ഒരു രാജ്യമെന്ന നിലക്ക് നമ്മൾ കൃഷിയിൽ ഉയർന്നുവരുന്ന പുതിയ പ്രതിസന്ധികളോട് കണ്ണടച്ചു നിൽക്കുകയാണോ? എനിക്ക് ശക്തമായി തോന്നുന്നത് നമ്മുടെ അവസ്ഥ നാല് അന്ധൻമാർ ആനയെ കാണാൻ പോയതു പോലെയാണെന്നാണ്. നമ്മുടെ പരിമിതമായ അറിവുകൾക്കകത്തുനിന്ന്, വിഭാഗീയമായ നമ്മുടെ അറിവുകൾക്കകത്തു നിന്ന് കൃഷിയെ മനസ്സിലാക്കാൻ ശ്രമിക്കുകയും അതിൽ നിന്ന് ഒരു ആനയുടെ ചിത്രം വരയ്ക്കുകയുമാണ് നമ്മളെന്ന് എനിക്ക് തോന്നുന്നു. പ്രധാനമന്ത്രി തുടങ്ങി കാർഷിക വിദ്യാർത്ഥി വരെ ആരും തന്നെ യഥാർത്ഥ ആനയുടെ ചിത്രം ഇപ്പോഴും വരച്ചിട്ടില്ല. എങ്ങിനെയാണ് ഈ ആനയെന്ന് നമുക്ക് അറിയില്ലെന്ന യാഥാർത്ഥ്യം ആദ്യം നമുക്ക് അംഗീകരിക്കാം. എന്താണ് എവിടെയാണ് പ്രതിസന്ധിയെന്ന്, പ്രശ്നമെന്ന് അറിയില്ലെങ്കിൽ എന്തു

പരിഹാരമാണ് നമുക്ക് നിർദേശിക്കാൻ കഴിയുക?

പലപ്പോഴും എന്റെ സംസാരത്തിനൊടുവിൽ പലരും എന്നോട് കാർഷിക പ്രതിസന്ധിക്കുള്ള ഉത്തരം രണ്ടു മിനിറ്റു കൊണ്ട് നൽകാൻ പറയാറുണ്ട്. അവരോടുള്ള എന്റെ മറുപടി ഇതാണ്.

പ്രശ്നത്തെ കുറിച്ചുപോലും ശരിക്ക് അറിയാത്തപ്പോൾ ഉത്തരങ്ങൾ കണ്ടെത്താൻ നമുക്കെന്താണിത്ര ധൃതി ? ഇതുകൊണ്ടെന്താണ് ഗുണം? എന്താണിതിന്റ ഉദ്ദേശം? എന്തുകൊണ്ട് നമുക്കാദ്യം എത്രത്തോളം പ്രശ്നമുണ്ടെന്ന് മനസ്സിലാക്കികൂടാ? അതിനു പുറകിലെ കാരണങ്ങളും അതിലൂടെ ഉത്തരങ്ങളും കണ്ടെത്താൻ ശ്രമിച്ചുകൂടാ? എന്നാൽ ഇൻസ്റ്റന്റിന്റെ കാലത്ത് ജീവിക്കുന്ന നമുക്ക് കൃഷിയിലും വേണം ഇൻസ്റ്റന്റ് ഉത്തരം. എന്തൊരു ദുരന്തം !

കഴിഞ്ഞ 40 വർഷക്കാലവും കർഷകരോട് നമ്മൾ ഉല്പാദനക്ഷമത കൂട്ടാനായി ആവശ്യപ്പെട്ടു കൊണ്ടേയിരുന്നു. കൂടുതൽ രാസവളം ഇടാനും അത്യുൽപാദനശേഷിയുള്ള വിത്തുകളോ സങ്കരയിനം വിത്തുകളോ വാങ്ങാനും വ്യത്യസ്തതരം മെഷിനുകൾ വാങ്ങാനും നമ്മളവരോട് പറഞ്ഞു. എന്നിട്ടും കർഷകന്റെ വരുമാനം താഴോട്ട് താഴോട്ട് പോകുകയാണെന്ന് നമ്മൾ കാണുന്നു. നേരത്തെ ഞാൻ സൂചിപ്പിച്ച നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ പുറത്തിറക്കിയ റിപ്പോർട്ട് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. 5 അംഗങ്ങളും രണ്ട് കന്നുകാലികളുമുള്ള ഒരു കാർഷിക കുടുംബത്തിന്റെ ശരാശരി മാസവരുമാനം വെറും 2115 രൂപയാണ്. ഹരിതവിപ്ലവത്തിന്റെ 40 വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു കർഷകന്റെ വരുമാനം നഗരത്തിലെ വീട്ടുജോലിക്കാരന്റേതിനേക്കാൾ കുറവായിരിക്കുന്നത് വാസ്തവത്തിൽ നാണക്കേടല്ലേ? ഒന്നോ രണ്ടോ മണിക്കൂർ നേരത്തേക്ക് വന്ന് പാത്രം കഴുകിയും അടിച്ചുവാരിയും തിരിച്ചു പോകുന്ന ഒരു വീട്ടുജോലിക്കാരന് ഇന്ന് ശരാശരി 2000 രൂപ കൊടുക്കണം. ദിവസം മുഴുവൻ പണിയെടുക്കുന്ന കർഷകന് കിട്ടുന്നത് ഇതിനേക്കാൾ കുറവും! എന്തൊരു നാണം കെട്ട അവസ്ഥയാണിത്.

ഒരു കർഷക കുടുംബത്തിന്റെ ശരാശരി വരുമാനം 2115 രൂപയാണെങ്കിൽ കൃഷിയോടുള്ള നമ്മുടെ സമീപനം മാറ്റാൻ സമയമായില്ലേ? ആഗോളതലത്തിൽ നോക്കുകയാണെങ്കിൽ നമുക്കിന്ന് രണ്ട് തരത്തിലുള്ള കൃഷി കാണാൻ കഴിയും. ഒന്ന് വളരെയധികം സബ്സിഡി കൊടുത്ത് നിലനിർത്തുന്നൊരു കൃഷി. രണ്ടാമത്തേത് ഉപജീവന കൃഷി. നമ്മളിതിൽ

രണ്ടാമത്തെ ഗ്രൂപ്പിലാണ്. നമ്മൾ നമ്മുടെ കർഷകർക്ക് യാതൊരു വിധത്തിലുള്ള വരുമാനപിന്തുണയും നൽകുന്നില്ല. വികസിത രാജ്യങ്ങളിലെ കർഷകർ ഇന്ന് നിലനിൽക്കുന്നത് അവരുടെ സർക്കാർ കർഷകർക്ക് നേരിട്ടുള്ള വരുമാനം ഉറപ്പാക്കുന്നതു കൊണ്ടാണ്. ആഗോളതലത്തിൽ തന്നെ കാർഷിക മേഖലയിലെ വരുമാനം കഴിഞ്ഞ 20 കൊല്ലമായി സ്ഥിരമായി നിൽക്കുകയാണെന്ന് അൺക്ടാഡ് (UNCTAD) നടത്തിയ പഠനം തെളിയിക്കുന്നു. 1985 മുതൽ 2005 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ മാത്രമല്ല അമേരിക്കയിലെയും യൂറോപ്പിലെയും കാർഷികവരുമാനം മരവിച്ചു നിൽക്കുകയാണെന്ന് ഇത് കാണിക്കുന്നു. ഒരേ വരുമാനത്തോടെ കഴിഞ്ഞ 20 കൊല്ലക്കാലം എനിക്കോ നിങ്ങൾക്കോ ജീവിയ്ക്കേണ്ടി വന്നെങ്കിൽ എന്താകുമായിരുന്നു? നമ്മളിൽ കുറേപ്പേർ ഇതിനിടെ ആത്മഹത്യ ചെയ്തിട്ടുണ്ടാകുമായിരുന്നു.

നേരിട്ടുള്ള വരുമാനം നൽകാതെ കർഷകർക്ക് നിലനിൽക്കാൻ കഴിയില്ലെന്ന് സമ്പന്ന രാഷ്ട്രങ്ങൾ നേരത്തെ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടവർ കർഷകക്ക് വരുമാനം കൊടുക്കാൻ തുടങ്ങി (de-coupled income എന്നാണിതിനെ പറയുന്നത്). ലോകവ്യാപാര സംഘടനയുടെ നിയ്മാവലിക്കൊത്ത് പോകുന്നതാണിത്. ഇന്ത്യയിൽ നമ്മൾ കർഷകരോട് ഉൽപാദനം കൂട്ടാൻ ആവശ്യപ്പെട്ടപ്പോഴും സ്വന്തമായി തന്നെ വരുമാനം കണ്ടെത്താനാണ് പറഞ്ഞത്. പ്രതീക്ഷയുടെ പുറത്തുമാത്രമാണ് ഇന്ത്യയിലെ കർഷകർ ഇത്രയും കാലം ജീവിച്ചുപോന്നത്. ഇന്ത്യയിലെ കർഷകരാണ് ഏറ്റവും കാര്യക്ഷമതയുള്ളവരെന്നാണിത് കാണിക്കുന്നത്. ചെറിയൊരു തുണ്ടു ഭൂമിയിൽ വരുമാനത്തെ കുറിച്ച് യാതൊരു ഉറപ്പുമില്ലാതെ ഇങ്ങിനെ ജീവിയ്ക്കണമെങ്കിൽ തീർച്ചയായും അവർ മിടുക്കരായിരിക്കണം. പക്ഷേ ഇത് അംഗീകരിക്കുകയെന്നതു പോലും നമുക്ക് നാണക്കേടാണ്.

ഇന്ത്യയിലെ കൃഷി നഷ്ടമായിത്തീരുന്നുവെന്ന് ഇവിടുത്തെ കർഷകർ പരാതിപ്പെട്ടപ്പോൾ ഇതിന്റെ കാരണം കുറഞ്ഞ ഉൽപാദനക്ഷമതയാണെന്നാണ് ശാസ്ത്രജ്ഞർ അവരോട് പറഞ്ഞത്. നിങ്ങൾ നിങ്ങളുടെ ഉല്പാദനം കൂട്ടു. അപ്പോൾ നിങ്ങളുടെ വരുമാനവും കൂടും എന്നായിരുന്നു പൊതുവെയുള്ള പ്രതികരണം. ഇതല്ല മാർഗ്ഗം. അമേരിക്കക്കാർക്ക് ഇതറിയാമായിരുന്നു. യൂറോപ്പുകാർക്കും അറിയാമായിരുന്നു ഉല്പാദനം കൂട്ടുകയല്ലാ വഴിയെന്ന്. അതുകൊണ്ടാണവർ കർഷകർക്ക് നേരിട്ട് വരുമാനം കൊടുക്കാനുള്ള വഴികളൊരുക്കിയത്.

നിങ്ങൾക്കറിയാം കർഷകർക്ക് ഏറ്റവും കൂടുതൽ സബ്സിഡി കൊടുക്കുന്നത് യൂറോപ്പാണ്. യൂറോപ്പിലാണെങ്കിൽ പഠനം കഴിഞ്ഞ് കോളേജിൽ നിന്ന് പുറത്തുകടക്കുമ്പോൾ നിങ്ങൾക്കൊരു കർഷകനാക ണമെങ്കിൽ നിങ്ങൾക്കപ്പോൾ കിട്ടും സബ്സിഡി. ഇനി നിങ്ങളൊരു കർഷ കനാണെങ്കിൽ, നിങ്ങളുടെ കയ്യിലുള്ള കൃഷി ചെയ്യുന്ന ഭൂമിക്കും കൃഷി ചെയ്യാതെ വെറുതെ ഇട്ടിരിക്കുന്ന ഭൂമിക്കും കിട്ടും സബ്സിഡി. പന്നി, പശു, കുതിര, ട്രാക്ടർ എല്ലാത്തിനും വെവ്വേറെ സബ്സിഡി കിട്ടും. നിങ്ങ ളുടെ ഉൽപന്നത്തിന് സർക്കാറിന്റെ ഇടപെടലിലൂടെ നല്ല വിലയും കിട്ടും. ഇതെല്ലാം കഴിഞ്ഞ് നിങ്ങൾക്ക് 55 വയസ്സ് ആയാൽ നിങ്ങൾക്ക് വിരമിക്ക ണമെന്ന് തോന്നിയാൽ അപ്പോഴും കിട്ടും സബ്സിഡി. എല്ലാറ്റിനും എല്ലാ തലത്തിലും അവിടെ സബ്സിഡിയാണ്. നിങ്ങൾ നോർവെയിലെ ഒരു കർഷകനാണെങ്കിൽ വർഷത്തിലൊരിക്കൽ ഒരു മാസം യൂറോപ്പിലെവി ടെയും കുടുംബവുമൊത്ത് ചിലവഴിക്കാനും നിങ്ങൾക്ക് സബ്സിഡി കിട്ടും. സബ്സിഡികളുടെ ഈ ശക്തമായ പിന്തുണയുമായി നിൽക്കുന്ന യൂറോ പ്പിലെയും അമേരിക്കയിലെയും കർഷകരോട് മത്സരിക്കാനാണ് നമ്മുടെ കർഷകരോട് നമ്മൾ ആവശ്യപ്പെടുന്നത്, സ്വതന്ത്ര്യവിപണിയിലാണ് നമ്മൾ നിൽക്കുന്നതെന്നാണ് നമ്മളോട് പറയുന്നത്. ഇന്ത്യയിലെ കർഷ കർ കൂടുതൽ കാര്യക്ഷമതയും കഴിവുമുള്ളവരാകാൻ പഠിക്കുകയും അമേ രിക്കയിലെ കർഷകരോട് മത്സരിക്കുകയും വേണമത്രേ ഇന്ത്യയിലെ കർഷ കർക്കിന്ന് കിട്ടുന്ന സംരക്ഷണമെല്ലാം എടുത്തു കളയണം. എങ്കിൽ മാത്രമേ അവന് മത്സരബുദ്ധി വളരൂ. സ്വതന്ത്ര്യവിപണിയുടെ കാലഘട്ട ത്തിൽ നിലനിൽക്കാനുള്ള ഒരേയൊരു വഴി ഇതു മാത്രമാണ് പോലും.

യഥാർത്ഥത്തിൽ നമ്മൾ നമ്മുടെ കർഷകരോട് കൃഷി ഉപേക്ഷി ച്ചുകൊള്ളാനാണ് ഇതിലൂടെ പറയുന്നത്. മാത്സര്യത്തിന്റെ കൊടികൊ ണ്ടുവന്ന് നമ്മൾ നമ്മുടെ കർഷകരോട് പറയാതെ പറയുന്നത് അവരുടെ നാശത്തിന് കാരണം അവർ തന്നെയാണെന്നാണ്. അപ്പോൾ പിന്നെ അവർ കൃഷി ഉപേക്ഷിക്കാതിരിക്കില്ലല്ലോ.

അമേരിക്കയിലേക്കൊന്ന് നോക്കൂ. അവർ മറ്റ് രാജ്യങ്ങളോടെല്ലാം കാർഷിക സബ്സിഡി വെട്ടിക്കുറക്കാനായി ആവശ്യപ്പെടുമ്പോഴും അവ രത് സ്വന്തം കർഷകരോട് ചെയ്യുന്നില്ല. ഇതറിയുമ്പോഴും നമ്മൾ നമ്മുടെ മുഖം തിരിക്കുകയാണ്. അമേരിക്കയും യൂറോപ്പും അവരവരുടെ കർഷ കർക്കു ചുറ്റുമുള്ള സംരക്ഷണവലയം കൂടുതൽ ശക്തമാക്കിക്കൊണ്ടിരി ക്കുകയാണ്. അതിൽ യാതൊരു തകരാറും നമ്മൾ കാണുന്നില്ല. എന്നാൽ

നമ്മൾ നമ്മുടെ കർഷകർക്ക് പരോക്ഷമായി നൽകുന്ന തുച്ഛമായ സബ്സിഡിപോലും (രാസവളത്തിനും വിത്തിനും വായ്പയായിട്ടും, മറ്റും രാജ്യത്തിനൊരു ഭാരമായി കരുതുന്നു).

അമേരിക്ക 2007 ലെ ഫാം ബില്ലിലൂടെ പുതിയ സബ്സിഡികൾ കൊണ്ടുവന്ന് കഴിഞ്ഞു. ഇനിയിത് അമേരിക്കൻ സെനറ്റ് അംഗീകരിക്കു കയേ വേണ്ടു. ഇതിൽ അവർ കർഷകർക്കായി അടുത്ത 5 വർഷത്തേക്ക് മാറ്റിവച്ചിരിക്കുന്നത് 286 ബില്യൺ ഡോളറാണ്.

നമ്മളെന്താണ് നമ്മുടെ കർഷകർക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നത്? എന്നിട്ടും നമുക്ക് നമ്മുടെ കർഷകർ മത്സരിക്കണം. ഇതിലൂടെ നമ്മൾ അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുകയല്ലേ?

അമേരിക്കയിൽ ഇക്കഴിഞ്ഞ വർഷങ്ങളിലുണ്ടായിരുന്ന കാർഷിക സബ്സിഡി എന്തായിരുന്നു? 2002 ലെ ഫാം ബിൽ അനുസരിച്ച്, 2007 സെപ്തംബർ 30 വരെ 271 ബില്യൺ ഡോളറാണ് അമേരിക്ക അവിടുത്തെ കർഷകർക്ക് കൊടുത്തത്. 2005 മുതൽ 2012 വരെയുള്ള സബ്സിഡി ഒന്നിച്ച് കൂട്ടുകയാണെങ്കിൽ ഇത് 539 ബില്യൺ ഡോളറാകും. 1995 ൽ ലോകവ്യാപാരസംഘടനയിൽ (WTO) ഇന്ത്യ ഒപ്പിടുന്ന സമയത്ത് ഇതു വഴി വികസ്വര രാജ്യങ്ങൾക്ക് മൊത്തം കൈവരിക്കാൻ കഴിയുമെന്ന് കണക്ക് കൂട്ടിയിരുന്ന നേട്ടത്തേക്കാൾ കൂടുതലാണിത്. നമ്മുടെ കർഷ കർക്കുള്ള സംരക്ഷണം എടുത്തു കളയാൻ പറയുമ്പോൾ നമ്മൾ ആരെ യാണ് യഥാർത്ഥത്തിൽ സഹായിക്കുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാ കുന്നില്ലേ?

ഇത്ര ഭീമമായ കാർഷിക സബ്സിഡി നൽകുന്നതു മൂലം അമേരിക്ക യിലെ കാർഷികോൽപാദന ചിലവ് കുത്തനെ താഴും. ഉദാഹരണത്തിന് പരുത്തിയുടെ കാര്യം എടുക്കാ. 3.9 ബില്യൺ ഡോളർ വിലക്കുള്ള പരുത്തി ഉൽപാദിപ്പിക്കാൻ അമേരിക്ക നൽകുന്ന സബ്സിഡി 4.7 ബില്യൺ ഡോളറാണ്. അമേരിക്കയിലെ 20000 ത്തോളം വരുന്ന പരുത്തി കർഷകർക്ക് ഒരുദിവസം കിട്ടുന്ന സബ്സിഡി 12 ദശലക്ഷം ഡോളറാണ്. അന്താരാഷ്ട്രമാർക്കറ്റിലെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ അങ്ങിനെ അമേരിക്കൻ കർഷകരെ ബാധിയ്ക്കാതെ പോകുന്നു. മാത്രമല്ല അമേരിക്കയിലെ ഈ വിലക്കുറവ് അന്താരാഷ്ട്ര മാർക്കറ്റിലെ വിലയിടിക്കുകയും വിദർഭയിലെ കർഷകരുടെ പരുത്തിക്ക് വിലകിട്ടാതാവുകയും ചെയ്യുന്നു. വിദർഭയിലെ കർഷകർ നമ്മുടെ കണ്ണിൽ കാര്യക്ഷമതകുറവുള്ളവരാണ്. എന്നാൽ വിദർഭയിലെ

തകർച്ചയ്ക്ക് അമേരിക്കൻ കർഷകർക്ക് നൽകുന്ന സബ്സിഡിയാണ് യഥാർത്ഥകാരണം. അമേരിക്ക നൽകുന്ന സബ്സിഡി ഒന്നെടുത്തുമാറ്റട്ടെ. അവിടുത്തെ കൃഷി ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നു വീഴും.

നമ്മുടെ കർഷകരെ കുറ്റം പറയേണ്ട. നമ്മൾ സ്വയം വിമർശിക്കുകയാണ് വേണ്ടത്. ഉള്ളിലേക്കു നോക്കി എവിടെയാണ് തെറ്റുപറ്റിയതെന്ന് കണ്ടുപിടിക്കുകയാണ് വേണ്ടത്. എല്ലാ സാധനങ്ങളും പുറത്തുനിന്നു കൊണ്ടുവരുന്ന നമുക്കും ഉത്തരവാദിത്തമില്ലേ? വന്നുവന്ന് നമ്മൾ ഇന്ന് കരുതുന്നത് ലോകത്തിനെന്താണോ നല്ലത് അതു മാത്രമേ ഇന്ത്യക്കും നല്ലതായിട്ടുള്ളു എന്നാണ്. നമ്മുടെ പ്രധാനമന്ത്രി ഓരോ ദിവസം ഇടവിട്ടു പറയുന്നതു കേൾക്കാം 600 ദശലക്ഷം ആളുകളെ കൃഷിയിടത്തിൽ നിലനിർത്താനാകില്ല എന്ന്. പ്രധാനമന്ത്രി ഇത് പറയുന്നതുകൊണ്ട് ഓരോ ശാസ്ത്രജ്ഞനും ഓരോ സാമ്പത്തിക വിദഗ്ധനും അതു തന്നെ ഏറ്റുപറയുന്നു. മാത്രവുമല്ല ലോകം മുൻപോട്ട് വയ്ക്കുന്ന വികസന മോഡൽ ഇതാണ്. ഒരു വികസിത രാജ്യവും ഇത്രയുമധികം ജനങ്ങളെ കൃഷിയിടത്തിൽ നിലനിർത്തിയിട്ടില്ലെന്ന് നമ്മളോടവർ പറയുന്നു. അതുകൊണ്ട് നമ്മളും അതുതന്നെ ചെയ്യണം.

എന്നാൽ ദയവുചെയ്ത് എനിക്കൊന്ന് പറഞ്ഞുതരൂ. നമുക്കൊന്നിച്ചിരുന്ന് നമ്മുടെ കൃഷി ലാഭകരമാക്കാൻ കഴിയില്ലേ? അതിനുള്ള അറിവ് നമുക്കില്ലേ? ലോകവ്യാപാരസംഘടനയോ ലോകബാങ്കോ ആഗോള കുത്തക കമ്പനികളോ ആവശ്യപ്പെടുന്ന രീതിയിൽ ഉള്ള കാർഷിക പദ്ധതികളാണോ നമുക്ക് വേണ്ടത്?

ജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി നമ്മുടേതായ ഒരു ചിന്താപദ്ധതി എന്തുകൊണ്ട് നമുക്ക് ഉണ്ടാക്കിയെടുത്തു കൂടാ? എന്റെ അഭിപ്രായത്തിൽ നമ്മുടെ രാജ്യത്തിനകത്തു നിന്നു തന്നെ ഉത്തരങ്ങൾ കണ്ടെത്താനുള്ള സമയമായിരിക്കുന്നു. കാർഷിക പ്രതിസന്ധിയെ നമ്മൾ നമ്മുടെതായ പരിഹാരനടപടികളിലൂടെ മറികടക്കണം. നമ്മളൊരുമിച്ചിരുന്ന് കൃഷിയെ രക്ഷിക്കാനുള്ള ഒരു ദേശീയപരിപാടിതന്നെ ആസൂത്രണം ചെയ്യണം. വേണമെന്നുണ്ടങ്കിൽ നമുക്ക് ഇത് സാധിക്കാവുന്നതേയുള്ളു.

കൃഷിക്കാർക്ക് സ്ഥിരമായ ഒരു മാസവരുമാനം നൽകി തന്നെ ഇത് തുടങ്ങാം. ഉല്പാദനക്ഷമതയെന്ന മിഥ്യയിൽ നിലനിൽക്കുന്ന ഇന്നത്തെ കാർഷിക വ്യവസ്ഥകളെ രണ്ടാമതൊന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. നമുക്കറിയാം ഹരിത വിപ്ലവം തകർന്നുവെന്നും ഉൽപാദന

വർദ്ധനവ് കർഷകന് ഒരു സ്ഥിര വരുമാനം നൽകിയിട്ടില്ല എന്നും. അതു കൊണ്ടു തന്നെ ആറാം ശമ്പളകമ്മീഷനിൽ കർഷകരെ ഉൾപ്പെടുത്താനുള്ള സമയമായിരിക്കുകയല്ലേ? വികസിത രാജ്യങ്ങൾ കർഷകന് അവന്റെ കൈവശ ഭൂമിയുടെ അളവനുസരിച്ച് സ്ഥിര വരുമാനം നൽകുമ്പോൾ എന്തുകൊണ്ട് നമുക്കും അത് ചെയ്തുകൂടാ? പടിഞ്ഞാറ് നിന്നുള്ള കാർഷിക മോഡൽ നമ്മൾ സ്വീകരിച്ചു. എന്നാൽ കർഷകർക്ക് സ്ഥിര വരുമാനം കൊടുക്കേണ്ട കാര്യം വരുമ്പോൾ അമേരിക്കയെയോ യൂറോപ്പിനെയോ നമുക്കെന്തു കൊണ്ട് അനുകരിച്ചുകൂടാ? അതുകൊണ്ട് സാങ്കേതിക വിദ്യ മാത്രം പടിഞ്ഞാറ് നിന്ന് എടുത്താൽ പോരാ, എടുക്കുകയാണെങ്കിൽ മുഴുവൻ മോഡലും എടുക്കണം.

6-ാംശമ്പളകമ്മീഷനിൽ 4.5 കോടി വരുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പള വർദ്ധന സർക്കാർ നടപ്പാക്കി. ഇത് സർക്കാറിനുണ്ടാക്കുന്ന അധിക ബാദ്ധ്യത ഒരു വർഷത്തേക്ക് 1.2 ലക്ഷം കോടി രൂപയാണ്. പലറിപ്പോർട്ടുകളും പറയുന്നത് ഈയൊരു വർദ്ധന ആവശ്യമില്ലെന്നാണ്. സർക്കാർ ഉദ്യോഗസ്ഥർക്ക് ഇപ്പോൾ തന്നെ നല്ല ശമ്പളമുണ്ട്. പകരം, എന്തുകൊണ്ട് 50,000 കോടി രൂപ നമ്മുടെ കർഷകർക്ക് നൽകികൂടാ? വളത്തിനും വിത്തിനുമൊക്കെയുള്ള സബ്സിഡി എടുത്തുമാറ്റി ഒരു ഏക്കർഭൂമിയുള്ള ഒരു കർഷകന് മാസം 10,000 രൂപ വരെ കിട്ടുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കാം. കർഷകന്റെ ഭൂമി എവിടെയെന്നതിനനുസരിച്ച് ഒരു മിനിമം വരുമാനം കിട്ടുന്ന രീതിയിലൊരു പ്ലാൻ നമുക്ക് ഉണ്ടാക്കാം. മരുഭൂമിയിലാണോ, മലയിലാണോ ജലസേചനം ഉള്ള സ്ഥലമാണോ എന്നിങ്ങനെ നോക്കി സർക്കാർ ജോലിയിലിരിക്കുന്ന ഒരു പ്യൂണിന് കിട്ടുന്ന വരുമാനമെങ്കിലും ഒരു കർഷകന് കിട്ടുമെന്ന് ഉറപ്പാക്കാൻ നമുക്കെന്തു കൊണ്ട് പറ്റുന്നില്ല?

ഇത് പറയുമ്പോൾ എപ്പോഴും ഉയരുന്ന ഒരു ചോദ്യമുണ്ട്. എവിടെ നിന്നാണീ പണം കിട്ടുകയെന്ന്? എന്റെ ചോദ്യം ഇത്രയേയുള്ളു. 6-ാം ശമ്പളകമ്മീഷനുള്ള പണം എവിടെ നിന്നാണ് വരുന്നത്? ആരെങ്കിലും ഈ ചോദ്യം ചോദിച്ചിട്ടുണ്ടോ? നമ്മൾ ഈ ചോദ്യം ചോദിയ്ക്കാറില്ല, കാരണം നമ്മളാണിതിന്റെ ഗുണഭോക്താക്കൾ. നമ്മുടെ സാമ്പത്തിക നിലവാരത്തിലേക്ക് കർഷകർ വരണമെന്ന് നമ്മൾ തീർച്ചയായും ആഗ്രഹിക്കുന്നില്ല. സ്ഥിരമായ പട്ടിണിയിലും ദാരിദ്ര്യത്തിലും അവരെ നമ്മൾ നിലനിർത്തുകയാണ്. 6-ാം ശമ്പളകമ്മീഷനിലൂടെ നിങ്ങൾക്ക് എവിടെ നിന്ന് ശമ്പളം വരുമോ അതേ സ്ഥലത്തു നിന്നു തന്നെ കർഷകർക്കുള്ള പണവും

വരും. അതിനെ പറ്റി വിഷമിക്കേണ്ട കാര്യമില്ല. ഈ രാജ്യത്ത് പണത്തിന് യാതൊരു കുറവുമില്ല. കൃഷിക്കാർക്ക് പണം കൊടുക്കണമെന്ന് പറയുമ്പോൾ മാത്രമാണ് ഇവിടെ ധനകമ്മിയുള്ളത്.

അവധിവ്യാപാരവും കമ്മോഡിറ്റി എക്സ്ചേഞ്ചും നടപ്പിലായാൽ കർഷകരുടെ വരുമാനം ഉയരുമെന്നു പറയുന്നതും തെറ്റായ ധാരണയാണ്. കമ്പനികളും കച്ചവടക്കാരും കർഷകരെ ചൂഷണം ചെയ്യുന്നതിനെ അനുവദിക്കുന്ന ഒരു പ്രവണതയെ അടിസ്ഥാനപ്പെടുത്തിയതാണീ വിചാരം. അവധി വ്യാപാരവും കുത്തകകൃഷിയുമൊക്കെയാണ് ഉത്തരമെങ്കിൽ എന്തുകൊണ്ട് ഈ മോഡൽ അമേരിക്കയിൽ ശരിയാകുന്നില്ല? അമേരിക്കയിൽ ഇതെല്ലാമുണ്ട്. അവധിവ്യാപാരം. കോൺട്രാക്ട്ഫാമിംഗ്. ന്യൂയോർക്കിലാണ് സ്ഥിതിചെയ്യുന്നത്, ലോകത്തേക്കും വച്ച് ഭീമനായ കമ്മോഡിറ്റി എക്സ്ചേഞ്ച്. ഇതൊക്കെയുണ്ടായിട്ടും സബ്സിഡിയില്ലാതെ അമേരിക്കയിലെ കർഷകന് നിലനിൽക്കാൻ പറ്റാത്തതെന്തുകൊണ്ടാണ്? അമേരിക്കയിൽ ഇത് പരാജയപ്പെട്ടുവെങ്കിൽ ഇന്ത്യയിലിത് വിജയിക്കുമെന്നതിനെന്താണുറപ്പ്?

യൂറോപ്പിലും സ്ഥിതി വ്യത്യസ്തമല്ല. അവിടെ ഓരോ മിനിട്ടിലും ഒരു കർഷകൻ കൃഷി ഉപേക്ഷിക്കുകയാണ്. അതും ഇത്രയധികം സബ്സിഡി അവർ കൊടുത്തിട്ടുകൂടി. ഇന്ത്യയിലിന്ന് പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ കച്ചവട സംവിധാനങ്ങൾ ഉണ്ടായിട്ടും എന്തുകൊണ്ട് അമേരിക്കയിലും യൂറോപ്പിലും കർഷകർ കൃഷി ഉപേക്ഷിക്കുന്നു? അവിടുത്തെ പരാജയങ്ങളിൽ നിന്ന് നമ്മൾ പഠിയ്ക്കണം. അവിടെ പരാജയപ്പെട്ട ഒരു വ്യവസ്ഥ ഇന്ത്യയിലേക്ക് കൊണ്ടു വന്നു കൂടാ. ഈ ധാരാളിത്തം താങ്ങാൻ നമുക്ക് കഴിയില്ല.

കൃഷി/നേരിട്ടാശ്രയിച്ചു കഴിയുന്ന 600 ദശലക്ഷം ആളുകളാണ് നമുക്കുള്ളത്. കൃഷിയിൽ നിന്നും ആട്ടിപ്പായിച്ചാൽ ഇവർക്കെന്തു സംഭവിക്കും? പ്രിയപ്പെട്ടവരെ, നമ്മളിന്നൊരു വഴിത്തിരിവിലാണ്. നമ്മളിന്ന് എന്ത് നിശ്ചയിക്കുന്നുവോ അതായിരിക്കും നാടിന്റെ ഭാവിയെ, ഈ നാടിന്റെ പരമാധികാരത്തെ ബാധിക്കുക. നിശ്ശബ്ദനായ ഒരു കാഴ്ചക്കാരനായി ഈ സംഭവങ്ങളൊക്കെ നോക്കിക്കൊണ്ടു നില്ക്കാൻ നമുക്കാകില്ല. നമുക്ക് എന്തെങ്കിലും ചെയ്തേ മതിയാകൂ. ഈ പ്രശ്നത്തിൽ ഇടപെട്ടേ മതിയാകൂ. നമ്മുടെ നാടിന്റെ നിലനിൽപ്പിനെ അതിന്റെ ഭാവിയെ ബാധിക്കുന്ന കാര്യങ്ങളാണിവയെല്ലാം.

ഡോ.മൻമോഹൻ സിംഗ് അധികാരമേറ്റെടുത്ത സമയം ഓർക്കുമല്ലോ അന്ന് അദ്ദേഹം നൽകിയൊരു പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി ഇന്ത്യയിലെ 161 ഓളം ജില്ലകൾ നക്സലുകളുടെ കയ്യിലാണെന്ന്. ഇത് മൂന്ന് വർഷം മുൻപിലത്തെകാര്യമാണ്. ഇന്നത് ഏകദേശം 200 ആയി ഉയർന്നിരിക്കുന്നു. അതായത് രാജ്യത്തെ 596 ജില്ലകളിൽ മൂന്നിലൊന്നും നക്സലുകളുടെ കയ്യിലാണെന്ന്. ഇത് വിഷമിപ്പിക്കേണ്ടുന്നൊരു സംഗതിയാണ്. നമുക്കറിയാം കൃഷിയുടെ നാശവും ഭൂമിയുടെ മുകളിലുള്ള കയ്യേറ്റവുമാണ് കൂടുതൽ നക്സലുകളെ ഉണ്ടാക്കുന്നതെന്ന്. രാജ്യം മുഴുവൻ ഇങ്ങിനെയായിത്തീരാൻ നമ്മളാരും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് തന്നെ കൃഷിയെപ്പറ്റിയുള്ള അഭിമാനവും അന്തസ്സും തിരിച്ചുകൊണ്ടു വന്നേ മതിയാകൂ. ദീർഘകാലത്തേക്ക് നിലനിൽക്കുന്നതും സാമ്പത്തികമായി ഗുണകരവുമായ ഒരു കാർഷിക വ്യവസ്ഥിതി ഇവിടെ അത്യാവശ്യമായിരിക്കുന്നു.

1995 ൽ CGIAR ന്റെ (Consultative Group on International Agriculture Research) ചെയർമാനായ ഡോ. ഇസ്മായിൽ സാറാജെൽഡിൻ പറഞ്ഞത് ഞാനോർക്കുകയാണ്. അദ്ദേഹം ലോകബാങ്കിന്റെ മുൻ വൈസ് പ്രസിഡന്റുമായിരുന്നു. അദ്ദേഹം പറഞ്ഞത് 2015 ആകുമ്പോഴേക്കും ഇന്ത്യയിലെ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് കുടിയേറുന്ന ഗ്രാമീണ ജനങ്ങളുടെ എണ്ണം ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിലെ ജനസംഖ്യയുടെ ഇരട്ടിയായിരിക്കുമെന്നാണ്. അന്ന് ആ മൂന്ന് രാജ്യങ്ങളിലെ മൊത്തം ജനസംഖ്യ 200 ദശലക്ഷമായിരുന്നു. അതായത് അടുത്ത എഴോ എട്ടോ വർഷത്തിനുള്ളിൽ ഇന്ത്യയിലെ 400 ദശലക്ഷം ഗ്രാമിണവാസികൾ നഗരത്തിലേക്ക് ചേക്കേറും. ചരിത്രത്തിലെ ഏറ്റവും വലിയ പലായനമായിരിക്കും ഇത്. ഇത് കൃഷിയിടങ്ങളിൽ നിന്നായിരിക്കും.

ചിന്തിക്കുന്ന ഏതൊരു ഇന്ത്യക്കാരനേയും വിഷമിപ്പിക്കേണ്ട ഒരു കാര്യമല്ലേ ഇത്? എന്നാൽ ഈ സൂചനയിൽ നിന്ന് എന്തെങ്കിലും പഠിക്കുന്നതിനു പകരം കർഷകരെ തന്റെ ഭൂമിയിൽ നിന്ന് പുറത്താക്കുന്ന നയങ്ങൾ നമ്മൾ തുടരുകയാണ് ചെയ്യുന്നത്. സാമ്പത്തിക ഉദാരവൽക്കരണത്തിനു ശേഷമുണ്ടായ എല്ലാനയങ്ങളും ഇതിനെ പ്രോത്സാഹിപ്പിക്കുന്നതാണ്. ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ (NSSO) പഠനം കാണിക്കുന്നതും കർഷകർ കൃഷിയുപേക്ഷിക്കാൻ താൽപര്യപ്പെടുന്നതായാണ്. കൃഷിക്കു പകരമായി ഒരു ജീവിതമാർഗ്ഗം ലഭിക്കുകയാണെങ്കിൽ

40 ശതമാനം കർഷകരും കൃഷി ഉപേക്ഷിക്കാൻ തയ്യാറാണത്രേ.

അമേരിക്കൻ കർഷകരെ കൃഷിഭൂമിയിൽ നിന്ന് തുരത്തിയ തരത്തിലുള്ള നയങ്ങളിവിടെ രൂപീകരിക്കപ്പെടുമ്പോൾ നമ്മൾ സന്തോഷിച്ച് മിണ്ടാതിരിക്കുകയാണ്. രണ്ടാം ലോക മഹായുദ്ധത്തിനു മുൻപ് 27 ദശലക്ഷം കർഷകരേയാണ് അമേരിക്ക കൃഷിയിൽ നിന്നടർത്തി മാറ്റിത്. യുദ്ധത്തിനു ശേഷം കൃഷിയിലെ കാര്യങ്ങൾ അഗ്രി ബിസിനസ്സ് വ്യവസായികൾ ഏറ്റെടുത്തു. നമ്മളും അതു തന്നെ ചെയ്യുവാനാണിവിടെ ശ്രമിക്കുന്നത്.

കർഷകന്റെ ഒരേയൊരു സാമ്പത്തിക അടിത്തറ ഭൂമിയാണ്. അതും വിട്ടുകളയാനായി നമ്മൾ കർഷകരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കർഷകന്റെ എല്ലാ സ്വാഭാവിക വിഭവങ്ങളുടെയും- ജൈവ വൈവിധ്യം, വെള്ളം, ധാതുക്കൾ - മേൽ നിയന്ത്രണം എടുത്തതിനു ശേഷം ഇപ്പോഴവനെ കൃഷി ഭൂമിയിൽ നിന്ന് പുറത്താക്കാനും ശ്രമം നടക്കുന്നു. കയറ്റുമതി പ്രോത്സാഹന മേഖലകൾ, ടെക്നോളജി പാർക്കുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിങ്ങനെ പല പേരുകളിൽ കൃഷിക്കാരുടെ ഭൂമി സ്വരൂപിക്കാനുള്ള ശ്രമത്തിലാണിന്ന് പ്രൈവറ്റ് കമ്പനികൾ. സർക്കാർ ഇതിനെ സഹായിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യം കിട്ടി 60 വർഷമായപ്പോൾ മിക്കവാറും എല്ലാ മുഖ്യമന്ത്രിമാരും ജനങ്ങളുടെ സംരക്ഷകൻ എന്ന നിലയിൽ നിന്ന് ഭൂമിവില്പനക്കാരന്റെ വേഷത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. എന്തൊരു അധോഗതിയാണിത്?

പഞ്ചാബ് പോലെ തന്നെ രാജ്യത്തിന്റെ ഭക്ഷ്യകലവറയായ ഹരിയാനയിലെ 35% കൃഷിഭൂമിയും പ്രത്യേക സാമ്പത്തിക മേഖലയായി മാറ്റിക്കൊണ്ടിരിക്കുകയാണെന്ന വസ്തുത നിങ്ങൾക്കൊരു ഞെട്ടലുണ്ടാക്കിയേക്കാം. ഇത് ചെയ്യുന്നതിൽ വളരെ സന്തുഷ്ടനാണവിടുത്തെ മുഖ്യമന്ത്രി. മറ്റുള്ള സംസ്ഥാനങ്ങളിലെ ചിത്രവും വളരെ വ്യത്യസ്തമൊന്നുമല്ല. നമ്മുടെ രാജ്യത്തിന്റെ ഭാവി എന്തായിരിക്കുമെന്നതിനെ കുറിച്ച് ഇത് പറയുന്നു. നമുക്ക് കൃഷിക്കാർ ആവശ്യമില്ലെന്ന വിശ്വാസം നമ്മളിൽ ഉണ്ടാകാൻ തുടങ്ങിയതിനു പുറമെ അവരെ കൃഷിയിൽ നിന്ന് പുറത്താക്കാനുള്ള വഴികളും നമ്മൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾക്കും തന്റെ കൈവശമുള്ള ഭൂമിയാണ് ആകെയുള്ള സാമ്പത്തിക സുരക്ഷ എന്നകാര്യം നമ്മൾ മറന്നുപോകുന്നു. നമുക്കീ കൃഷിയെ ഉല്പാദനക്ഷമവും നിലനിൽക്കുന്നതും സാമ്പത്തികമായി മെച്ച

പ്പെട്ടതുമായ ഒന്നാക്കി മാറ്റാൻ കഴിയുന്നതേയുള്ളു. ഇതിനായി നമ്മുടെ ജൈവവൈവിധ്യത്തെ അടിസ്ഥാനപ്പെടുത്തിയ ഒരു കാർഷിക രീതി നമ്മൾ സ്വീകരിക്കുകയേ വേണ്ടൂ.

കർഷകരെ പുറത്താക്കി ഇന്ന് നമ്മൾ കൈക്കലാക്കുന്ന അതേ ഭൂമിയിൽ തന്നെ സർവരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സാമ്പത്തിക വളർച്ചയ്ക്കുള്ള ഉത്തരങ്ങൾ ഉണ്ട്. നമ്മുടെ വെല്ലുവിളിയുള്ളത് നമ്മുടെ സമീപനത്തിലാണ്. ഇന്ന് നിലനിൽക്കുന്ന കാർഷിക മോഡൽ തള്ളിക്കളയാനുള്ള സമയമായിരിക്കുന്നു.

കൃഷിയോട് തികച്ചും വ്യത്യസ്തമായ ഒരു സമീപനം ഉണ്ടാകാനുള്ള സമയമായിക്കഴിഞ്ഞു. ഇന്ത്യയിലെ കൃഷിയെ കുറിച്ച് ഗാന്ധിജി പറഞ്ഞ കാലാതീതമായ കാര്യങ്ങൾ ചികഞ്ഞുനോക്കാനുള്ള സമയമാണിത്. ഗാന്ധിജി പറഞ്ഞത് ഒന്നോർക്കു. ഇന്ത്യക്ക് വേണ്ടത് കൂടുതലാളുകളെ പങ്കെടുപ്പിക്കുന്ന ഉല്പാദന രീതിയാണ്. അല്ലാതെ വൻതോതിലുള്ള ഉല്പാദനം അല്ല. എത്ര നല്ലതും നമുക്കു യോജിച്ചതുമാണിത്! ഈയൊരു ചിന്തയിലേക്ക് നമുക്ക് മാറാൻ കഴിഞ്ഞെങ്കിൽ വിസ്മയകരമായ ഒരു മാറ്റത്തിനുള്ള വിത്ത് പാകുകയായിരിക്കും നമ്മൾ ചെയ്യുന്നത്.

ആദ്യം വേണ്ടത് നമുക്കുള്ള കാര്യങ്ങളിൽ അഭിമാനവും വിശ്വാസവും ഉണ്ടാകുകയെന്നതാണ്. നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നമ്മൾ നമ്മുടെ ഉള്ളിലേക്ക് തന്നെ നോക്കേണ്ടതുണ്ട്. ഉത്തരങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ ഒളിഞ്ഞു കിടപ്പുണ്ട്. ഇന്ത്യയിലെ മണ്ണും കൃഷിയും നശിപ്പിച്ച രാസവസ്തുക്കൾ ഉപയോഗിച്ചുള്ള കടും കൃഷിയോട് നമുക്ക് യാത്രപറയാറായി. പ്രാദേശിക സ്വാഭാവിക വിഭവങ്ങളെ ആശ്രയിച്ചുള്ള ജൈവരീതിയിലുള്ള കാർഷിക സമ്പ്രദായങ്ങൾ നമുക്ക് പരിശോധിക്കാം. പരിസ്ഥി തിക്ക് ഇണങ്ങുന്ന, പുറത്തു നിന്നുള്ള സാധനങ്ങൾ കുറച്ചുകൊണ്ടുള്ള കൃഷിരീതി നമുക്ക് തിരിച്ചുകൊണ്ടുവരണം. ഇന്ത്യയിൽ എത്രയോ കാലം ചെയ്തിരുന്നത് ഇതാണ്. ബ്രിട്ടീഷുകാർ വന്ന് നമ്മുടെ കൃഷിയെ തകിടം മറിയ്ക്കുന്നതിനു മുൻപ് നമുക്ക് യാതൊരു ഭക്ഷ്യക്ഷാമവും ഉണ്ടായിരുന്നില്ല.

ജൈവകൃഷിയിൽ ഉൽപാദനകുറവില്ല. കാർഷിക ബിസിനസ്സ് കമ്പനികൾ കുറേ കാലം നടത്തിയ പ്രചാരണം ജൈവകൃഷി നടപ്പാക്കണമെങ്കിൽ വേണ്ട ജൈവവളം ഇവിടെ എവിടെയെന്നായിരുന്നു. കൂടിക്കൊണ്ടിരിക്കുന്ന ദശലക്ഷക്കണക്കിന് ആളുകളെ ഊട്ടാ നുള്ള ഭൂമി എവി



ടെയെന്നായിരുന്നു. ഈ വാദങ്ങളെല്ലാം തെറ്റാണെന്നിപ്പോൾ തെളിഞ്ഞു കഴിഞ്ഞു. ഈയ ടുത്ത കാലത്തായി ലോക ഭക്ഷ്യസംഘടന തന്നെ സമ്മതിച്ചു കഴിഞ്ഞു ജൈവകാർഷിക രീതികൾ കടും കൃഷിയോളം തന്നെ ഉൽപാദനക്ഷമമാണെന്ന്. ഇത് ഉല്പാദനം കുറക്കുന്നില്ല. അമേരിക്കക്ക് പുറത്തുനിന്നുള്ള വാർത്ത കൾക്ക് ചെവി കൊടുക്കാത്ത ശാസ്ത്രജ്ഞരുടെ ഇന്ന ത്തെ മനോഭാവം മാറിയേതീരൂ.

മറ്റൊരു വാദം കൂടിയുണ്ട്. അതിതാണ്. കടും കൃഷിയാണ് ജനങ്ങളുടെ ആയുസ്സ് കൂട്ടിയതിന് കാരണമെന്ന്. എന്താണപ്പോൾ ഈ രീതി കൊണ്ട് കുഴപ്പം? ആയുസ്സ് കൂട്ടുമെങ്കിൽ കുറച്ച് രാസവസ്തുക്കൾ നമുക്കെന്തായാലും എടുക്കാം? ഇതൊരു അബദ്ധവാദം എന്നേ പറയാനാകൂ. ഇന്ന് നമ്മുടെ ശരാശരി ആയുസ്സ് 65 വർഷമാണ്. നമ്മുടെ ചുറ്റുപാടുകളെയും ആഹാരത്തെയും നമ്മുടെ ശരീരത്തെയും രാസവിഷങ്ങൾ കൊണ്ട് മലിനമാക്കാതിരുന്നെങ്കിൽ നമുക്ക് 100 വർഷം വരെ ജീവിക്കാൻ കഴിയുമായിരുന്നു. തിരഞ്ഞെടുക്കേണ്ടത് നിങ്ങൾ തന്നെയാണ്. എനിയ്ക്കറിയാം ദീർഘകാലം ജീവിയ്ക്കണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത് എന്ന്. ആരോഗ്യത്തോടെയുള്ള ദീർഘായുസ്സിന് ജൈവകൃഷി നടപ്പിലാവണമെന്ന് അതു കൊണ്ട് നിങ്ങൾ തീർച്ചയായും പറയണം.

ജൈവകൃഷി, സമ്പൂർണ്ണ കൃഷി ഇതിനെ കുറിച്ചൊക്കെ പറയാൻ നിങ്ങൾക്ക് ലജ്ജതോന്നേണ്ട കാര്യമില്ല. ഇതു പറയുമ്പോൾ നിങ്ങൾ പുറകിലോട്ടാണ് ചിന്തിക്കുന്നതെന്നോ രാജ്യത്തെ ഗുഹായുഗത്തിലേക്ക്

കൊണ്ടു പോകുകയാണെന്നോ അർത്ഥമില്ല. ജൈവകൃഷി എന്നുപറയുമ്പോൾ, കയറ്റുമതിയ്ക്കായുള്ള ജൈവകൃഷിയുമല്ലാ ഞാൻ ഉദ്ദേശിക്കുന്നത്. ഒരു രാജ്യമെന്ന നിലക്ക് നമ്മുടെ ജനങ്ങളെ ഊട്ടുവാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. കൃഷിയുടെ ഉദ്ദേശം അതായിരിക്കണം. ഇവിടെ ജൈവകൃഷിയുടെ സമയമായി എന്ന് ഇവിടുത്തെ കാർഷിക സർവകലാശാലകൾ മനസ്സിലാക്കുകയും വേണം. എത്രയും പെട്ടെന്ന് നിങ്ങൾ ഇതിന് ഊന്നൽ കൊടുക്കുന്നവോ അത്രയും നന്ന്. എത്രയും പെട്ടെന്ന് രാസവിഷവസ്തുക്കൾ ഉപയോഗിച്ചുള്ള കടുംകൃഷി നമ്മൾ അവസാനിപ്പിക്കുന്നവോ അത്രയും നന്ന്.

പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു കാർഷിക വ്യവസ്ഥയാണ് നമുക്ക് വേണ്ടത്. നമ്മുടെ നിലനിൽക്കുന്ന വ്യവസ്ഥകളെ മാറ്റിമറിയ്ക്കാത്ത, എന്നാൽ അതിനെ കൂടുതൽ നന്നാക്കാൻ കഴിയുന്ന നമ്മുടെ പരമ്പരാഗത കൃഷിയെ നമ്മൾ പുനരുജ്ജീവിപ്പിക്കണം. ഓരോ പ്രദേശത്തിനും യോജിച്ച സാങ്കേതിക വിദ്യകളെ തിരിച്ചു കൊണ്ടുവരികയും ഇതിനെ അടിസ്ഥാനമാക്കി ദേശീയ ഭൂപടം ഉണ്ടാക്കുകയും വേണം. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കൃഷിക്കാർക്കു മാത്രം കടം കൊടുക്കുന്ന പരിപാടി ദേശീയ ബാങ്കുകൾ മാറ്റണം.

ഇല്ലെങ്കിൽ നമ്മൾ കഴിഞ്ഞ 40 വർഷങ്ങളായി എന്തു ചെയ്യുന്നുവോ അതു തന്നെ തുടരുകയേയുള്ളു. മഹാഭാരതത്തിലെ ഒരു രംഗം അടർത്തിയെടുത്തതു പോലെയാണ് ഇന്ത്യയിലെ കർഷകന്റെ കാര്യമെന്ന് എനിക്ക്, തോന്നാറുണ്ട്. മഹാഭാരതത്തിലെ ധീരനായ ഒരു കഥാപാത്രമായ അഭിമന്യുവിന് ചക്രവ്യൂഹത്തിന്റെ ഏഴ് വളയങ്ങൾക്കകത്തേക്ക് എങ്ങിനെ കടക്കാം എന്നറിയാമായിരുന്നു. അമ്മയുടെ ഗർഭപാത്രത്തിലിരിക്കുമ്പോഴാണ് അഭിമന്യു ഇത് പഠിക്കുന്നത്. എന്നാൽ ചക്രവ്യൂഹത്തിൽ നിന്ന് പുറത്ത് കടക്കാനുള്ള വഴി പഠിക്കാൻ അഭിമന്യുവിന് കഴിഞ്ഞില്ല. കഥയിൽ പറയുന്നത് അഭിമന്യുവിന്റെ അച്ഛൻ ഈ രഹസ്യം പറഞ്ഞുകൊടുക്കുന്നതിനു മുൻപേ അമ്മ ഉറങ്ങിപ്പോയി എന്നാണ്.

ചക്രവ്യൂഹത്തിലകപ്പെട്ട അഭിമന്യുവിനെ പോലെയാണ് ഇന്ത്യയിലെ കർഷകനും. കർഷകന്റെ ചുറ്റും നമ്മൾ ചക്രവ്യൂഹം ഇട്ടുകഴിഞ്ഞു. ചക്രവ്യൂഹത്തിന്റെ ഉള്ളിലേക്കുള്ളിലേക്ക് നമ്മൾ കർഷകനെ തള്ളി വിട്ടു. ജനിതകമാറ്റം വരുത്തിയ വിത്തുകളും ഊഹക്കച്ചവടവും എല്ലാം അടി



ച്ചേൽപ്പിച്ച് ഇനിയും കർഷകരെ ചക്രവ്യൂഹത്തിലേക്ക് കൂടുതൽ തള്ളി വിടുന്നതിനു പകരം നമ്മൾ അയാളെ അതിൽ നിന്ന് പുറത്തെടുക്കുകയാണ് ചെയ്യേണ്ടത്. ഇല്ലെങ്കിൽ അഭിമന്യൂവിന്റെ വിധിതന്നെ ഇന്ത്യയിലെ കർഷകനും വന്നു ചേരും. ധീരമായി യുദ്ധം ചെയ്ത് മരിയ്ക്കുകയായിരുന്നു അഭിമന്യു. ഇന്ത്യയിലെ കർഷകനും യുദ്ധം ചെയ്ത് മരിക്കാൻ വിധിയ്ക്കപ്പെട്ടതുപോലെയാണ്. അതാണയാൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ഇന്ത്യയിലെ കർഷകരെ ഈ ചക്രവ്യൂഹത്തിൽ നിന്ന് പുറത്തു കടത്താനുള്ള സമയമായിരിക്കുന്നു. നമുക്കതിനുള്ള കഴിവുണ്ട്. കർഷകനെ രക്ഷിക്കുന്നതിനെ കുറിച്ച് നമ്മൾ ലജ്ജിക്കേണ്ടതില്ല. നമ്മുടെ പരിസ്ഥിതി, നമ്മുടെ കഴിവുകൾ, ഇതിനോടൊക്കെ ഇണങ്ങി ജീവിക്കുവാനുള്ള നമ്മുടെ കഴിവ് എല്ലാം കൊണ്ടും ഇതിന് നമുക്ക് കഴിയും. നിലനിൽപിനുള്ള ആദ്യത്തെപടി നമ്മൾ വയ്ക്കേണ്ടിയിരിക്കുന്നു. ഇതിന് ധൈര്യവും നേതൃത്വഗുണവും ഭരണസാരഥ്യവും വേണം. ഇന്ന് ഈ ആദ്യപടി വയ്ക്കുന്നയാളെ രാജ്യം കയ്യടിച്ച് പ്രോത്സാഹിപ്പിക്കും. ഇതിന്റെ അല

കൾ പിന്നെ നാടുമുഴുവനും നിറയും. ഇതിലാണ് നമ്മുടെ ഭാവിയിരിക്കുന്നത്. ഇതിലാണ് നമ്മുടെ കൂട്ടായ്മയുടെ ശക്തിപരീക്ഷിക്കപ്പെടുന്നത്. നമുക്കിതൊരുമിച്ച് ചെയ്യാം. ഇന്ത്യയെ ദൈവത്തിന്റെ സ്വന്തം നാട് ആക്കി മാറ്റാനുള്ള കഴിവ് നമുക്ക് അപ്പോഴുണ്ടാകും.



നിങ്ങൾ അത്ഭുതപ്പെടരുത്.
രാജ്യത്തിന്റെ സാമ്പത്തിക നയങ്ങൾ
നോക്കുമ്പോൾ,
കൃഷിയുമായി ബന്ധപ്പെട്ട വിവിധ നയങ്ങൾ
നോക്കുമ്പോൾ,
ഒരു കാര്യം വ്യക്തമാണ്.
നമ്മുടെ സർക്കാർ കർഷകർക്കായി
ഒരു *'പുറത്താക്കൽ നയം'*
തുടങ്ങിയിരിക്കുകയാണ്.
കർഷകർ രാജ്യത്തിനിന്നൊരു
ഭാരമായി മാറിയിരിക്കുന്നു.



cover painting dhanaraj keezhara